
(Monthly) Price- Rs. 4/-

# ബൈബിൾ ട്രൂത്ത്



| മനുഷ്യൻ | ദൈവം |
|---|---|
| മൺമയൻ, ദൈവസാദൃശ്യമുള്ളവൻ | അരൂപിയും നിത്യനും |
| ദൈവസൃഷ്ടി | സൃഷ്ടി കർത്താവ് |
| മർത്യൻ | അമർത്യൻ |
| പരിമിതിയുള്ളവൻ | പരിമിതിയില്ലാത്തവൻ |
| ഭൗതികൻ എന്നാൽ ആത്മികമാകാൻ സൃഷ്ടിക്കപ്പെട്ടവൻ | ദിവ്യത്വമുള്ളവൻ |
| പാപത്തിനിരയാകുന്നവൻ | പരിശുദ്ധൻ |
| വികാരഗതിഭേദമുള്ളവൻ | വികാരത്താൽ മാറ്റമില്ലാത്തവൻ |
| ഒരു സമയത്ത് ഒരു സ്ഥലത്തു ജീവിക്കുന്നവൻ | സർവ്വവ്യാപി |
| ശരീരം താല്ക്കാലികമാണ് | ശരീരരഹിതൻ |
| ദൈവകല്പന വിശ്വസിച്ച് അനുസരിച്ചാൽ ജീവിതം ദൈവികമായി മാറും. ദൈവത്തിന്റെ അപ്രമേയജ്ഞാനത്താൽ അറിഞ്ഞു ദൈവത്തെ ഭയന്ന് കല്പനകൾ അനുസരിച്ചാൽ അവൻ ദൈവത്തോടു കൂടെ നിത്യനായി ജീവിക്കും | ന്യായകർത്താവ്<br>വിശ്വസ്തൻ<br>സത്യവാൻ<br>സ്നേഹവാൻ<br>രക്ഷകൻ |

# THE BIBLE TRUTH

Editors

P.K. VARGHESE ooo J.C. CHOATE

ooo ooo ooo

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 21 May 2006 No.2

## എഡിറ്റോറിയൽ

ഏതൊരു രാഷ്ട്രത്തിലും പല രീതിയിലുള്ള തിരഞ്ഞെടുപ്പുകൾ നടക്കുന്നുണ്ട്. നീതിപൂർവ്വമായ ഭരണത്തിനായി ജനങ്ങൾ ചെയ്യുന്നതാണിത്. ഓരോ രാജ്യത്തിന്റെ നിലനില്പിനു ഭരണഘടനയുമുണ്ട്. ഫലവത്തായി ഇതു നടപ്പിൽ വരികയാണെങ്കിൽ നല്ലതാണ്. പക്ഷേ പലപ്പോഴും ഇതിലെല്ലാം വിപരീതഫലമാണുണ്ടാകുന്നത്. തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ കാര്യനിർവ്വഹണ സമിതികളുടെ കൂട്ടായ ചർച്ചകളാൽ നടത്തപ്പെടേണ്ടതാണ് നീതിയും ന്യായവും. മനുഷ്യന്റെ ഭൗതികമായ, അടിസ്ഥാനപരമായ കാര്യങ്ങളിൽ ആണ് ഇവർ ശ്രദ്ധിക്കേണ്ടത്. പലരുടേയും സ്വാധീനത്തെ ആശ്രയിച്ചാണ് തിരഞ്ഞെടുപ്പു വിജയമായി തീരുന്നത്. സാമുദായിക സംഘടനകളും മതപരമായ സംഘടനകളും രാഷ്ട്രീയ നേതാക്കളെ സ്വാധീനിക്കാറുണ്ട്. ഈ സംഘടനകൾ രാഷ്ട്രീയത്തിൽ നിർണ്ണായക സ്വാധീനമായി തീരാറുണ്ട്. സർക്കാരിനെ സമ്മർദ്ദം ചെലുത്തുന്നവരും ഭീഷണി ഉയർത്തുന്നവരും ഉണ്ട്. കാര്യനിർവ്വഹണ സഭയിലേക്ക് പ്രതിനിധികളായി മത്സരിക്കുന്നവർ ഈ സംഘടനാ നേതാക്കന്മാരെ സ്വാധീനിക്കും. പണത്തിനായി മദ്യവില്പനക്കാരെയും സ്വാധീനിക്കും. ഇങ്ങനെ ഒക്കെ വോട്ട് നേടി അധികാരത്തിലെത്തുന്നവർ ഇന്നു നിരവധിയാണ്. അവർക്കു കൊടുത്തു തീർക്കാൻ ബാദ്ധ്യതയുണ്ട് എന്ന കാര്യം മറച്ചു വെക്കാവുന്നതല്ല.

ഇതു പൊതുവിൽ ജനങ്ങൾക്കു തുല്യ നീതി കിട്ടാതിരിക്കാൻ കാരണമാകുന്നു. ഭരണത്തിൽ കയറുന്നവരും പ്രതിപക്ഷത്തിരിക്കുന്നവരും ഈ കാര്യത്തിൽ ഒരേ നിലവാരമുള്ളവരാണ്. അവിഹിത

മായ രീതിയിൽ അധികാരത്തിലെത്തുന്നവരുടെ ലക്ഷ്യം തന്നെ തെറ്റാണ്. നേരായ പാതയിലൂടെ ജനവിധി തേടുകയാണ് ഓരോരുത്തരും ചെയ്യേണ്ടത്. സാധാരണക്കാർക്ക് നീതി കിട്ടണമെങ്കിൽ, നീതി തുല്യമാകണമെങ്കിൽ ഇന്നത്തെ തിരഞ്ഞെടുപ്പു കാഴ്ച്ചപ്പാട് മാറണം. ജനങ്ങളെ സത്യസന്ധമായും നീതിയും ന്യായവും നിലനിർത്തി സേവിക്കുക എന്ന ലക്ഷ്യമുള്ളവരാകണം രംഗത്തേക്കു വരേണ്ടത്. നേരായ മാർഗ്ഗത്തിലൂടെ വേണം അവർ അധികാരസ്ഥാനങ്ങളിലേക്കു വരുവാൻ. ജനങ്ങളുടെ പ്രാഥമികമായ ആവശ്യങ്ങൾ അറിഞ്ഞു പ്രവർത്തിക്കുവാൻ കഴിവുള്ള ജനപ്രതിനിധികളാകണം. അരുതാത്ത കാര്യങ്ങൾ ചെയ്തുകൊടുക്കേണ്ട രീതിയിൽ പ്രവർത്തിക്കാതെ ന്യായത്തിനു വേണ്ടി നിലകൊള്ളുന്നവരാകണം. സംഘടിതമായ രാഷ്ട്രിയ പ്രസ്ഥാനങ്ങൾ ചിലരുടെ ദുഷ്ക്കർമ്മത്തെ ന്യായീകരിക്കുന്നതിനും തെറ്റു ചെയ്തവരെ സംരക്ഷിക്കുന്നതിനും നിലകൊള്ളുന്നുണ്ട്. ഇതെല്ലാം അരാജകത്വത്തിലേക്ക് സമൂഹത്തെ നീക്കും. അക്രമത്തെ ന്യായീകരിക്കുന്നവരല്ല നമുക്കാവശ്യം. അക്രമത്തെ എന്തു വില കൊടുത്തും ഇല്ലാതാക്കുന്നവരാണ് വേണ്ടത്. ധാർമ്മിക മൂല്യത്തിനു വില കല്പിക്കുന്ന പ്രതിനിധികളായിരിക്കണം രാജ്യം തെരഞ്ഞെടുക്കേണ്ടത്.

മദ്യരാജാക്കന്മാർ മദ്യം വിറ്റു പണമുണ്ടാക്കുന്നവരാണല്ലോ. അമിത ലാഭമാണ് അവർ ഉണ്ടാക്കുന്നത്. ഇവരുടെ കയ്യിൽ നിന്നു പണം മുൻകൂർ വാങ്ങി തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ അസംബ്ലിയിൽ ചെന്ന് മദ്യം ഒഴിവാക്കണമെന്നോ, മദ്യവില്പന കുറക്കണമെന്നോ പറയാൻ ധൈര്യപ്പെടുമോ? അതാണ് ഇന്നത്തെ ദു:സ്ഥിതി. ഏതെങ്കിലും ഒരു സമുദായത്തിന്റെ മുൻകൂർ വോട്ട് തേടി അധികാരത്തിലെത്തുന്നവർക്ക് ഈ സമുദായത്തിന്റെ സമ്മർദ്ദത്തിനു വഴങ്ങേണ്ടി വരും എന്ന കാര്യത്തിൽ സംശയമില്ല. അങ്ങനെ വരുമ്പോൾ മറ്റുള്ളവരുടെ അപ്രീതി സമ്പാദിക്കും: അപ്പോൾ ഇങ്ങനെ സമ്മർദ്ദം ചെലുത്താത്തവരും പണം കൊടുക്കാത്തവരും എന്തു ചെയ്യും? അവരുടെ ന്യായത്തിനായി അവർ എവിടെ പോകും? ന്യായവും നീതിയും ആഗ്രഹിക്കുന്നവർ സമൂഹത്തെ ഒരേ രീതിയിൽ കാണുന്നവരും പക്ഷഭേദമില്ലാതെ സേവിക്കുന്നവരും ആകണം.

ദൈവം ആണ് ഓരോരുത്തരെ അധികാരത്തിലെത്തിക്കുന്ന

തെന്നു തിരഞ്ഞെടുക്കുന്നവരും തിരഞ്ഞെടുക്കപ്പെടുന്നവരും തിരിച്ചറിയണം. ദൈവത്തിനു വേണ്ടി അവർ ഈ ശുശ്രൂഷ ചെയ്യുന്നു എന്ന് അവർ മനസിലാക്കണം. അങ്ങനെ തിരഞ്ഞെടുക്കപ്പെട്ടാൽ നീതി നടപ്പാക്കേണ്ടത് എല്ലാ ജനവിഭാഗങ്ങൾക്കും തുല്യമായിട്ടായിരിക്കണം. ജാതിയോ, മതമോ, വർഗ്ഗമോ, ഭാഷയോ ഒന്നും നോക്കാതെ ജനങ്ങളുടെ പൊതുവായ നന്മ ലക്ഷ്യമാക്കണം. തെറ്റു ചെയ്തവർ ആരായിരുന്നാലും അവരെ സംരക്ഷിക്കാതെ നിയമത്തിന്റെ മുൻപിൽ കൊണ്ടു വരണം. ഭരണഘടനക്കുള്ളിൽ നിന്നു കൊണ്ട് ചെയ്യാവുന്നതെല്ലാം ചെയ്യണം. പണസമ്പാദ്യത്തിനുള്ള അവസരമല്ല ഇത്. പിന്നെയോ ജനനന്മക്കായുള്ള സേവനമാണ് നടത്തേണ്ടത്. ശരിയായി കാര്യങ്ങൾ മനസിലാക്കി വേണം പ്രവർത്തിക്കുവാൻ. സമൂഹത്തെ നേർഗതിയിലേക്ക് ഉയർത്തുവാൻ തുറന്ന സത്യസന്ധമായ ഇടപെടലുകൾ ഉണ്ടാകണം. ഈ വിധത്തിലുള്ള കാഴ്ച്ചപ്പാട് ദൈവഭയമുള്ളവർക്കു മാത്രമേ ഉണ്ടാകു.

✶

## ക്രിസ്തുവിന്റെ രക്തത്തിൽ ശക്തിയുണ്ട്

J.C. ചോട്ട്

ചില ആളുകൾക്കു രക്തം എന്നു കേൾക്കുമ്പോൾ ഭയമാണ്. അവർക്കു രക്തത്തെക്കുറിച്ചുള്ള ചിന്ത അത്ര നന്നായിരിക്കയില്ല. ശരീരം മുറിഞ്ഞാൽ രക്തം പ്രവഹിക്കും. രക്തത്തെ സംരക്ഷിക്കുന്നതു ശരീരത്തിന്റെ ത്വക്ക് ആണല്ലൊ. ശരീരത്തിൽ നിന്നു രക്തം അധികം സ്രവിച്ചാൽ മരണമായിരിക്കും ഫലം. മതപരമായ സംഘടനകളിൽ ചിലതു അവരുടെ പദാവലികളിൽ നിന്നു രക്തമെന്ന പദത്തെ നീക്കം ചെയ്തിരിക്കയാണ്. മാനുഷിക നിലപാട് ഇതൊക്കെയാണെങ്കിലും ദൈവം തന്റെ ജനത്തെ ബോധ്യപ്പെടുത്താൻ ആഗ്രഹിക്കുന്ന പദ്ധതിയിൽ ശരിയായ നടപടി എന്തെന്ന് കാണിച്ചു തന്നിരിക്കുന്നു. കാലഘട്ടം ഏതായാലും!

പഴയ നിയമത്തിൽ മനുഷ്യരുടെ പാപങ്ങൾക്കു പരിഹാരമായി മൃഗയാഗം അഥവാ രക്തവഴിപാട് ആവശ്യപ്പെട്ടിരുന്നു. രക്തത്തിനു വളരെയധികം പ്രാധാന്യമുണ്ട്. കാരണം അതു ജീവൻ ആണ്. മാംസത്തിന്റെ ജീവൻ രക്തമാണ് അക്കാരണത്താൽ രക്തം ഭക്ഷി

ക്കുന്നതു ദൈവം വിലക്കിയിരുന്നു. തിരുവെഴുത്ത് അരുളിച്ചെയ്യുന്നതു, "മാംസത്തിന്റെ ജീവൻ രക്തത്തിലല്ലോ ഇരിക്കുന്നത് യാഗപീഠത്തിന്മേൽ നിങ്ങൾക്കു വേണ്ടി പ്രായശ്ചിത്തം കഴിപ്പാൻ ഞാൻ അതു നിങ്ങൾക്കു തന്നിരിക്കുന്നു. രക്തമല്ലോ ജീവൻമൂലമായി പ്രായശ്ചിത്തം ആകുന്നത്. അതുകൊണ്ടത്രേ നിങ്ങളിൽ യാതൊരുത്തനും രക്തം ഭക്ഷിക്കരുത്; നിങ്ങളുടെ ഇടയിൽ പാർക്കുന്ന പരദേശിയും രക്തം ഭക്ഷിക്കരുതു എന്നു ഞാൻ യിസ്രായേൽ മക്കളോട് കല്പിച്ചത്" (ലേവ്യാപുസ്തകം 17:11, 12).

പഴയ നിയമവും രക്തത്താൽ പ്രതിഷ്ഠിച്ചതത്രേ. എബ്രായ ലേഖകൻ പറയുന്നു, "മോശെ ന്യായപ്രമാണപ്രകാരം കല്പന ഒക്കെയും സകല ജനത്തോടും പ്രസ്താവിച്ച ശേഷം പശുക്കിടാക്കളുടേയും ആട്ടുകൊറ്റന്മാരുടേയും രക്തത്തെ വെള്ളവും ചുവന്ന ആട്ടുരോമവും ഈസോപ്പുമായി എടുത്തു പുസ്തകത്തിന്മേലും സകല ജനത്തിന്മേലും തളിച്ചു; ഇതു ദൈവം നിങ്ങളോട് കല്പിച്ച നിയമത്തിന്റെ രക്തം എന്നു പറഞ്ഞു. അങ്ങനെ തന്നെ അവൻ കൂടാരത്തിന്മേലും ആരാധനക്കുള്ള ഉപകരണത്തിന്മേലും എല്ലാം രക്തം തളിച്ചു. ന്യായപ്രമാണപ്രകാരം ഏകദേശം സകലവും രക്തത്താൽ ശുദ്ധീകരിക്കപ്പെടുന്നു; രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല" (എബ്രായർ 9:19–22). തന്റെയും, ജനത്തിന്റേയും പാപങ്ങൾക്കുവേണ്ടി മഹാപുരോഹിതൻ ആണ്ടിലൊരിക്കൽ രക്തവുമായി അതിവിശുദ്ധസ്ഥലത്തു പ്രവേശിച്ചിരുന്നു എന്നും എബ്രായ ലേഖകൻ പറയുന്നുണ്ട് (9:7). പിന്നെ എബ്രായലേഖകൻ അവസാനിപ്പിക്കുന്നു, "കാളകളുടേയും ആട്ടുകൊറ്റന്മാരുടേയും രക്തത്തിനു പാപങ്ങളെ നീക്കുവാൻ കഴിയുന്നതല്ല" (10:4).

അർപ്പിച്ചിരുന്ന മൃഗങ്ങൾ കൂട്ടത്തിൽ വെച്ചു ഏറ്റവും നല്ലതും, ഊനമില്ലാത്തതും കുറവില്ലാത്തതും ആയിരുന്നു. എങ്കിലും അവ മൃഗങ്ങൾ മാത്രമായിരുന്നു. അതുകൊണ്ട് ഒരു തികഞ്ഞ യാഗം ആവശ്യമായിരുന്നു. ആ തികഞ്ഞ യാഗത്തെ അനുസ്മരിപ്പിക്കുന്ന വെറും അടയാളമായിട്ടായിരുന്നു മൃഗയാഗം. മൃഗരക്തങ്ങൾക്കു പാപങ്ങളെ നീക്കം ചെയ്യാൻ കഴിയാത്തതുകൊണ്ടും മനുഷ്യർ എല്ലാവരും പാപം ചെയ്തതുകൊണ്ടും സ്വയം രക്ഷിപ്പാൻ കഴിയാതെയുമായി. മറ്റുള്ളവരെയും രക്ഷിപ്പാൻ കഴിയാതെ വന്നു. അപ്പോൾ

പിന്നെ ആ തികവുള്ള യാഗം എങ്ങനെ? ജീവനുള്ള ദൈവത്തിന്റെ ഏകജാതനായ പുത്രൻ മാത്രമാണ് അതിനു തയ്യാറായത്. ക്രിസ്തു പാപം കൂടാതെ ജീവിച്ചു. അവൻ പാപം ഒന്നും ചെയ്തില്ല എന്നു പത്രൊസ് പറഞ്ഞു (1 പത്രൊസ് 2:22). അവൻ പാപം കൂടാതെ ജീവിച്ചതുകൊണ്ട്, ന്യായപ്രമാണം പൂർണ്ണമായും പാലിച്ചു, പരീക്ഷണങ്ങളിൽ കൂടാതെ, സർവ്വലോകത്തിന്റെയും പാപങ്ങൾക്കായി അവൻ ക്രൂശിൽ മരിപ്പാൻ ഒരുങ്ങി.

ക്രിസ്തുവിന്റെ രക്തത്തിന്റെ പ്രാധാന്യത്തെ പ്രതിപാദിക്കുന്ന പാട്ടുകൾ നാം പാടാറുണ്ട്. ക്രിസ്തുവിന് ശക്തിയുണ്ട് എന്ന പാട്ട് വളരെ പ്രസിദ്ധമാണ്. നമ്മുടെ പാപക്കറകൾ മായ്ക്കാൻ ക്രിസ്തുവിന്റെ രക്തമല്ലാതെ മറ്റെന്താണുള്ളത് എന്ന മറ്റൊരു പാട്ടും പ്രചാരത്തിലുണ്ട്. അതെല്ലാം എത്ര സത്യമാണ് അല്ലേ? ക്രിസ്തുവിന്റെ രക്തത്തിന്റെ മാഹാത്മ്യം ഏതൊരു മനുഷ്യന്റേയും ആത്മീയ ജീവിതത്തിൽ നിന്നു മാറ്റി നിർത്താവുന്നതല്ല.

രക്ഷിക്കാൻ കഴിയാത്ത ധാരാളം കാര്യങ്ങൾ ഉണ്ട്. മുൻപു സൂചിപ്പിച്ചതുപോലെ മൃഗങ്ങളുടെ രക്തത്തിനു മനുഷ്യരെ രക്ഷിപ്പാൻ സാദ്ധ്യമല്ല. ന്യായപ്രമാണത്തിനും മനുഷ്യരെ ഇന്നു രക്ഷിപ്പാൻ സാദ്ധ്യമല്ല. ന്യായപ്രമാണത്തിന് ആളുകളെ ക്രിസ്തുവിലേക്കു നടത്തുവാനേ കഴിഞ്ഞുള്ളു. പൗലൊസ് പറഞ്ഞു, "എങ്കിലും വിശ്വസിക്കുന്നവർക്കു വാഗ്ദത്തം യേശുക്രിസ്തുവിലെ വിശ്വാസത്താൽ ലഭിക്കേണ്ടതിനു തിരുവെഴുത്ത് എല്ലാവരെയും പാപത്തിൻ കീഴടച്ചു കളഞ്ഞു. വിശ്വാസം വരുംമുമ്പേ നമ്മെ വെളിപ്പെടുവാനിരുന്ന വിശ്വാസത്തിന്നായിക്കൊണ്ടു ന്യായപ്രമാണത്തിൻ കീഴ് അടെച്ചു സൂക്ഷിച്ചിരുന്നു. അങ്ങനെ നാം വിശ്വാസത്താൽ രക്ഷിക്കപ്പെടേണ്ടതിനു ന്യായപ്രമാണം ക്രിസ്തുവിന്റെ അടുക്കലേക്കു നടത്തുവാൻ നമുക്കു ശിശുപാലകനായി ഭവിച്ചു" (ഗലാത്യർ 3:22-25). ന്യായപ്രമാണ പ്രവൃത്തികളാൽ നമുക്കു രക്ഷ പ്രാപിക്കാൻ സാദ്ധ്യമല്ല എന്നു മാത്രമല്ല, നമ്മുടെ സ്വന്തപ്രവൃത്തികളാലും നമുക്കു രക്ഷപ്പെടാനാവില്ല. ഇതിനെ സംബന്ധിച്ചു പൗലൊസ് എഴുതിയിട്ടുണ്ട്, "മുമ്പേ നാമും ബുദ്ധികെട്ടവരും അനുസരണമില്ലാത്തവരും വഴി തെറ്റി നടക്കുന്നവരും നാനാമോഹങ്ങൾക്കും ഭോഗങ്ങൾക്കും അധീനരും ഈർഷ്യയിലും അസൂയയിലും കാലം കഴിക്കുന്നവരും ദ്വേഷി

തരും അന്യോന്യം പകെക്കുന്നവരും ആയിരുന്നുവല്ലോ. എന്നാൽ നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ ദയയും മനുഷ്യപ്രീതിയും ഉദിച്ചപ്പോൾ അവൻ നമ്മെ നാം ചെയ്ത നീതിപ്രവർത്തികളാലല്ല, തന്റെ കരുണപ്രകാരമത്രേ രക്ഷിച്ചത്. നാം അവന്റെ കൃപയാൽ നീതീകരിക്കപ്പെട്ടിട്ട് പ്രത്യാശ പ്രകാരം നിത്യജീവന്റെ അവകാശികളായിത്തീരേണ്ടതിന്നു പുനർജ്ജനന സ്നാനം കൊണ്ടും നമ്മുടെ രക്ഷിതാവായ യേശുക്രിസ്തു മൂലം നമ്മുടെ മേൽ ധാരാളമായി പകർന്ന പരിശുദ്ധാത്മാവിന്റെ നവീകരണം കൊണ്ടും തന്നേ" (തിത്തൊസ് 3:3-7)

പൊന്ന്, വെള്ളി മുതലായ അഴിഞ്ഞു പോകുന്ന വസ്തുക്കളെക്കൊണ്ടല്ല നമ്മെ വീണ്ടെടുത്തത് എന്നു പത്രൊസ് പറയുന്നു. ദൈവശ്വാസിയമായ പത്രൊസിന്റെ പ്രസ്താവന ശ്രദ്ധിക്കുക, "വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നതു പൊന്നു, വെള്ളി മുതലായ അഴിഞ്ഞു പോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലൊ" (1 പത്രൊസ് 1:18,19). ലൗകിക ജീവിതത്തിൽ മനുഷ്യൻ പലതും വില കൊടുത്തും കൈക്കൂലി കൊടുത്തും വാങ്ങുന്നുണ്ട്. എന്നാൽ ആത്മാവിന്റെ രക്ഷ വില കൊടുത്തോ കൈക്കൂലി കൊടുത്തോ വാങ്ങുവാൻ പറ്റുകയില്ല. അതുകൊണ്ട് ഭൗതിക വസ്തുക്കളിൽ ആശ്രയിക്കാതിരിക്കുന്നതാണ് ബുദ്ധി. അവസാനം മതപരമായ ആചാരങ്ങളോ, മാനുഷിക ഉപദേശങ്ങൾ അനുസരിക്കുന്നതോ കൊണ്ട് ഒരു പ്രയോജനവുമില്ല. മനുഷ്യ കല്പനകൾ അനുസരിക്കുന്നവർ സ്വർഗ്ഗത്തിൽ പോകയില്ല. "മാനുഷകല്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതുകൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു" എന്നാണ് കർത്താവ് പറഞ്ഞത് (മത്തായി 15:9). ക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്നകന്നു പോകുന്നവർ ദുരുപദേഷ്ടാക്കളാണ് അവരോടു കുശലം പറയുന്നവർ അവരുടെ ദുഷ്പ്രവർത്തികൾക്കു കൂട്ടാളികൾ ആകുന്നു എന്നാണ് യോഹന്നാൻ പറഞ്ഞത് (2 യോഹന്നാൻ 11). ഭിന്നതയുണ്ടാക്കുന്നവർ കർത്താവായ യേശുവിനെ അല്ല സേവിക്കുന്നത് എന്നാണ് പൗലൊസ് പറഞ്ഞത് (റോമർ 16:17, 18).

പാപികളായ മനുഷ്യരെ ദൈവ പദ്ധതിയനുസരിച്ചു രക്ഷിക്കുവാൻ ഏക മാർഗ്ഗമാണുള്ളത്. അത് ക്രിസ്തുവിന്റെ യാഗം മുഖാന്തരമാണ്. ആ യാഗത്തിൽ ചിന്തിയ രക്തം ദൈവ സന്നിധിയിൽ സ്വീകാര്യവുമായി. ക്രിസ്തുവിന്റെ രക്തം ഒഴിച്ചു കൂടാനാവാത്തതാണെന്ന് ഊന്നിപ്പറയുന്ന ധാരാളം വേദഭാഗങ്ങൾ നമുക്ക് ഉണ്ട്. ക്രിസ്തുവിന്റെ രക്തം മുഖാന്തരമാണ് നമുക്കു ദൈവത്തോട് നിരപ്പുള്ളത്. ആ രക്തം മുഖാന്തരമാണ് നമുക്കു ദൈവത്തിന്റെ സ്നേഹിതന്മാരാകുവാൻ കഴിയുന്നത്. അപ്പൊസ്തലനായിരുന്ന പൗലൊസ് പറയുന്നതു, "അവനിൽ സർവ്വ സമ്പൂർണ്ണതയും വസിപ്പാനും അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തം കൊണ്ട് അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി ഭൂമിയിലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ സകലത്തെയും അവനെക്കൊണ്ടു തന്നോടു നിരപ്പിപ്പാനും പിതാവിനു പ്രസാദം തോന്നി" (കൊലൊസ്യർ 1:19, 20). എഫെസ്യയിലെ ക്രിസ്ത്യാനികൾക്കു പൗലൊസ് എഴുതിയപ്പോൾ അവർ ഒരിക്കൽ ദൈവത്തിൽ നിന്നകന്നു ജീവിച്ചിരുന്നു എങ്കിലും ദൈവത്തോട് അടുത്തു വന്നിരിക്കുന്നു. അതു ക്രിസ്തുവിന്റെ രക്തത്താലായിരുന്നു എന്ന് അവരെ ഓർമ്മിപ്പിക്കുന്നു. അവൻ യെഹൂദന്മാരെയും ജാതികളേയും ഒന്നാക്കി, ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന ശത്രുത്വം ഇല്ലാതാക്കി വേർപ്പാടിന്റെ നടുച്ചുവർ ഇടിച്ചു കളഞ്ഞ് ക്രൂശിന്മേൽ വെച്ചു ശത്രുത്വം ഇല്ലാതാക്കി തന്നിൽ ഒരേ പുതു മനുഷ്യനാക്കി സൃഷ്ടിപ്പാനും ഏകശരീരത്തിൽ ദൈവത്തോട് നിരപ്പിപ്പാനും തന്നേ (എഫെസ്യർ 2:13-17).

ക്രിസ്തുവിനേയും അവന്റെ രക്തത്തെയും കുറിച്ചു അവർക്കു പൗലൊസ് എഴുതിയപ്പോൾ പൗലൊസ് എഫെസ്യയിലുള്ളവരെ ഓർപ്പിക്കുന്നതു, "അവനിൽ അവന്റെ രക്തത്താൽ നമുക്കു പാപമോചനം എന്ന വീണ്ടെടുപ്പ് ഉണ്ട്" (കൊലൊസ്യർ 1:14). കർത്തൃമേശ സ്ഥാപിച്ചുകൊണ്ടു യേശു പറഞ്ഞു, "ഇതു അനേകർക്കു വേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയ നിയമത്തിനുള്ള എന്റെ രക്തം" (മത്തായി 26:28), അവന്റെ രക്തത്തോടു ബന്ധപ്പെടുന്നവർ രക്ഷിക്കപ്പെടുന്നു. അങ്ങനെ രക്ഷിക്കപ്പെടുന്നവർ കർത്താവിനാൽ അവന്റെ സഭയോട് ചേർക്കപ്പെടുന്നു (പ്രവൃത്തി 2:47). സഭ യേശുവിന്റെ രക്തത്താൽ സമ്പാദിച്ചതാണ്. എഫെസ്യ

യിലെ മൂപ്പന്മാരെ പ്രബോധിപ്പിച്ച് പൗലൊസ് പറയുന്നതു, "നിങ്ങ ളെത്തന്നെയും താൻ സ്വന്തരക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവ ത്തിന്റെ സഭയെ മേയ്പ്പാൻ പരിശുദ്ധാത്മാവു നിങ്ങളെ അദ്ധ്യക്ഷ രാക്കി വെച്ച ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചു കൊൾവിൻ" എന്നാണ് (പ്രവൃത്തി 20:28). ക്രിസ്തു ശരീരമെന്ന സഭയ്ക്കു വേണ്ടി യാണ് മരിച്ചത്. അതായത് രക്തം ചിന്തി സഭയെ വിലക്കു വാങ്ങി. അങ്ങനെയാണ് സഭ നിലവിൽ വന്നത്. നാം വെളിച്ചമായ കർത്താ വിലാകുമ്പോൾ, വെളിച്ചത്തിൽ നടക്കുന്നു. വെളിച്ചത്തിൽ നടന്നാൽ നമുക്കു ക്രിസ്തുവിനോട് കൂട്ടായ്മ ഉണ്ട്. അങ്ങനെ അവന്റെ രക്തം നമ്മെ സകല പാപത്തിൽ നിന്നും മോചിക്കുന്നു. രക്തത്താലുള്ള ശുദ്ധീകരണം ലഭിക്കുന്നത് അങ്ങനെ ഉള്ളവർക്കാണ് (1 യോഹ ന്നാൻ 1:7). അവസാനം അവന്റെ ശരീരത്തിന്റെ ഓർമ്മക്കായി പുളി പ്പില്ലാത്ത അപ്പവും അവന്റെ രക്തത്തിന്റെ ഓർമ്മക്കായി മുന്തിരിവ ള്ളിയുടെ അനുഭവവും ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ അനുഭവി ക്കണം (പ്രവൃത്തി 20:7).

കർത്തൃമേശ എങ്ങനെ എടുക്കണം എന്ന് പൗലൊസ് കൊരിന്ത്യർക്ക് എഴുതുമ്പോൾ നിർദ്ദേശം കൊടുക്കുന്നുണ്ട്. ക്രിസ്തു പറഞ്ഞതു ശരീരത്തിന്റെ ഓർമ്മക്കായി അപ്പം ഭക്ഷിപ്പാനും രക്തത്തിന്റെ ഓർമ്മക്കായി മുന്തിരിവള്ളിയുടെ അനുഭവം കുടി പ്പാനും ആണ് പറഞ്ഞത്. അതു ചെയ്യുമ്പോഴൊക്കെയും അവന്റെ മരണത്തെ പ്രസ്താവിക്കണം. ക്രിസ്തുവിലായി തീർന്നവർ തന്നെ ത്താൻ ശോധന കഴിക്കണം. ക്രിസ്തുവിന്റെ ശരീരത്തെ വിവേ ചിച്ചുകൊണ്ടു വേണം എടുക്കുവാൻ. അയോഗ്യമായി ഇതിനെ കൈകാര്യം ചെയ്താൽ ബലഹീനരും രോഗികളും ആകും എന്നു മുന്നറിയിച്ചിട്ടുണ്ട് (1 കൊരിന്ത്യർ 11:23-29).

യേശുക്രിസ്തുവിന്റെ രക്തത്തെക്കുറിച്ചു പറയുവാൻ ഇനിയും വളരെയധികമുണ്ട്. അവൻ രക്തം ചിന്തുവാനുള്ള കാര ണം, അതിൽ അടങ്ങിയിരിക്കുന്ന ശക്തി, എന്നിവ വിശദീകരിച്ചാൽ പെട്ടെന്ന് തീരുന്നവയല്ല. നമ്മുടെ സ്ഥല പരിമിതികൊണ്ട് നാം തിരു വെഴുത്തിൽ നിന്നു കണ്ടതെല്ലാം ഒന്നു ചുരുക്കി നോക്കാം.

1. മനുഷ്യരുടെ പാപങ്ങൾക്കു വേണ്ടി, പാപരഹിതനായി ജീവിച്ച്, ക്രൂശിൽ മരിച്ചു, രക്തം ചിന്തിയതുകൊണ്ട് ക്രിസ്തു ഒരു

തികഞ്ഞ യാഗമായി.

2. ക്രിസ്തു രക്തം ചിന്തിയതുകൊണ്ട്, പഴയ നിയമം നീങ്ങപ്പെടുകയും പുതിയ നിയമം അവന്റെ രക്തത്താൽ ഉറപ്പിച്ചു സ്ഥിരമാക്കുകയും ചെയ്തു.

3. ക്രിസ്തുവിന്റെ രക്തത്താലാണ് നാം രക്ഷിക്കപ്പെട്ടത്. നാം അനുസരണത്തിലൂടെയാണ് ആ രക്തത്തോട് ബന്ധപ്പെട്ടത്. മറ്റൊരു രീതിയിൽ പറഞ്ഞാൽ, മനുഷ്യൻ രക്ഷ പ്രാപിക്കേണ്ടതിനു ഏതൊരാളും ക്രിസ്തുവിൽ വിശ്വസിച്ച്, പാപങ്ങളിൽ നിന്നു മാനസാന്തരപ്പെട്ട്, യേശു ദൈവപുത്രനാണെന്ന് ഏറ്റു പറഞ്ഞ്, പാപമോചനത്തിനായി സ്നാനം (വെള്ളത്തിൽ അടക്കം)ഏല്ക്കണം (മർക്കൊസ് 16:16; പ്രവൃത്തി 2:38). ഇത്രയും ഒരാൾ ചെയ്യുമ്പോൾ അയാൾ യേശുവിന്റെ രക്തത്തോട് ബന്ധപ്പെടുന്നു. അപ്പോൾ ആ വ്യക്തിക്കു ക്രിസ്തു മരിച്ചതിന്റെ ഫലം ലഭിക്കുന്നു. പാപങ്ങൾ മോചിച്ചു തരുവാൻ കഴിവുള്ളവൻ യേശുക്രിസ്തു മാത്രമാണ്. പാപങ്ങൾ കഴുകി കളയുന്നത് കർത്താവിന്റെ രക്തമാണ്. "ഇനി താമസിക്കുന്നത് എന്ത്? കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ച് പ്രാർത്ഥിച്ചു സ്നാനം ഏറ്റു നിന്റെ പാപങ്ങളെ കഴുകിക്കളക" എന്നു അനന്യാസ് ശൗലിനോട് പറയുകയുണ്ടായി (പ്രവൃത്തി 22:16). ക്രിസ്തു രക്തം ചിന്തുന്നതു പാപങ്ങളുടെ മോചനത്തിനു വേണ്ടിയാണെന്നു കർത്താവ് പറഞ്ഞിരിക്കുന്നു (മത്തായി 26:28; എഫെസ്യർ 1:7).

പത്രൊസിന്റെ ആദ്യത്തെ പ്രസംഗത്തിൽ വിശ്വസിച്ച യെഹൂദന്മാരോട്. പത്രൊസ് മാനസാന്തരപ്പെട്ട് പാപങ്ങളുടെ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേല്പിൻ എന്നു പറഞ്ഞു (പ്രവൃത്തി 2:38). അവർ അതനുസരിച്ചതിന്റെ ഫലമായി രക്ഷിക്കപ്പെട്ടു. അതുകൊണ്ട് കർത്താവ് അവരെ തന്റെ സഭയോട് ചേർത്തു (പ്രവൃത്തി 2:47). ഒരാൾ രക്ഷിക്കപ്പെടുവാൻ ഇതല്ലാതെ മാർഗ്ഗമില്ല. യേശുക്രിസ്തുവിന്റെ രക്തത്തോട് ബന്ധപ്പെടാതെ പാപമോചനം സാദ്ധ്യമല്ല.

4. കർത്താവിന്റെ സഭ വാങ്ങിയിരിക്കുന്നത് ക്രിസ്തുവിന്റെ രക്തത്താലാണ്. അതുകൊണ്ട്, രക്തത്താൽ വാങ്ങിയ സഭ പ്രാധാന്യമർഹിക്കുന്നതാണ്.

5. ക്രിസ്തു വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടന്നാൽ ക്രിസ്തുവിന്റെ രക്തം നമ്മെ തുടർച്ചയായി ശുദ്ധീകരിച്ചുകൊണ്ടിരിക്കും. അതായതു നാം അവനോട് വിശ്വസ്തത പുലർത്തി ജീവിക്കണം.

6. കർത്താവിന്റെ ശിക്ഷ്യന്മാർ എന്ന നിലയിൽ ക്രിസ്ത്യാനികൾ ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ ക്രിസ്തുവിനോട് കൂട്ടായ്മ ആചരിക്കുവാൻ കർത്തൃമേശയിൽ നിന്നു പങ്കെടുക്കണം. ക്രിസ്തുവിന്റെ ശരീരത്തെ ഓർമ്മിക്കുവാൻ അപ്പത്തിൽ നിന്നും രക്തത്തെ ഓർമ്മിക്കുവാൻ പാനപാത്രത്തിൽ നിന്നും പങ്കിടണം. രക്ഷിക്കപ്പെട്ടവർ ഇങ്ങനെയാണ് ക്രിസ്തുവിന്റെ യാഗത്തെ ഓർക്കേണ്ടത്.

എന്റെ സ്നേഹിതരേ, ക്രിസ്തു നിങ്ങൾക്കു വേണ്ടിയാണ് മരിച്ചത്. അവൻ രക്തം ചിന്തിയത് നിങ്ങൾക്ക് പാപമോചനം ലഭിക്കേണ്ടതിനാണ്. നിങ്ങൾ അവനിൽ വിശ്വസിക്കുന്നുവോ? നിങ്ങൾ അവനെ അനുസരിച്ചിട്ടുണ്ടോ? നിങ്ങൾ രക്ഷിക്കപ്പെടുവാൻ അവന്റെ കല്പനകൾ അനുസരിച്ചിട്ടില്ലെങ്കിൽ ഇന്നു തന്നെ അനുസരിക്കുവാൻ ഞങ്ങൾ അപേക്ഷിക്കയാണ്. കർത്താവ് ഇത്രയും വലിയ രക്ഷ നിങ്ങൾക്കായി സൗജന്യമായി നല്കിയിട്ടും സ്വീകരിച്ചില്ലെങ്കിൽ അവസാനം അതെത്ര വലിയ നഷ്ടമാകും എന്ന് ചിന്തിക്കുക.

✶

സ്ത്രീകൾക്കു വേണ്ടി

## തെറ്റായ തീരുമാനങ്ങൾ നിത്യമായ ഫലങ്ങൾ

ബെറ്റി ബർട്ടൺ ചോട്ട്

പൊതുവേ പറയപ്പെടുന്ന ഒന്നാണ് കാലം മാറുന്നു, സമയം മാറുന്നു എന്നെല്ലാം കാലം മാറുന്നതനുസരിച്ചു സംസ്ക്കാരങ്ങളും മാറി വരികയാണ്. നമ്മുടെ നാട്ടിലും അതു കാണാനുണ്ട്. പ്രത്യേകിച്ചു പട്ടണങ്ങളിൽ പല മാറ്റങ്ങളും കണ്ടു വരുന്നു. ഉദാഹരണമായി ജീവിതചര്യകളിലും തീരുമാനങ്ങളിലും. യുവാക്കളിൽ ആണ് ഇത്തരം മാറ്റങ്ങൾ കൂടുതൽ ദൃശ്യമാകുന്നത്. അവർ കാര്യങ്ങൾ

സ്വയം തീരുമാനിച്ചു നടപ്പിൽ വരുത്തുവാൻ ആഗ്രഹിക്കുന്നു. പണ്ട് മാതാപിതാക്കളുടെ തീരുമാനത്തിന് അവർ മുൻതൂക്കം കൊടുത്തിരുന്നു. എന്നാൽ ഇന്ന് ആ സ്ഥിതിക്കു മാറ്റം വന്നിരിക്കുന്നു. യുവാക്കൾ തങ്ങൾക്കു യോജിച്ച പങ്കാളിയെ തീരുമാനിക്കുന്ന രീതിയിലേക്കു വഴുതി വീഴുന്നു. അതുകൊണ്ട് കൂടുതൽ പേരും അബദ്ധങ്ങളിൽ ചാടുന്നു. കാരണം അവരുടെ അനുഭവക്കുറവും, അപക്വമായ തീരുമാനവുമാണ്. അവർ പുറമെയുള്ള സംസാരത്തിലും സൗന്ദര്യത്തിലും ആകൃഷ്ടരാകും. ഊർജ്ജസ്വലതയേയും സമ്പത്തിനേയും കാണുന്നവരുമുണ്ട്. മാതാപിതാക്കൾ ആലോചിച്ചു നടത്തുന്ന വിവാഹത്തിലും പോരായ്മകൾ സംഭവിക്കുന്നുണ്ട്. കാരണം അവർ കൊടുക്കുന്ന മുൻതൂക്കം തെറ്റിയതായിരിക്കും. ഒരു യുവാവായാലും യുവതിയായാലും കുടുംബജീവിതത്തിലേക്കു പ്രവേശിക്കുന്നതിനു മുൻപു പല കാര്യങ്ങളും ശ്രദ്ധിക്കണം.

ജീവിത പങ്കാളിയെ തിരഞ്ഞെടുക്കുന്നതിനു മുൻപ് ആ പങ്കാളിയെ സംബന്ധിച്ചു എന്തെല്ലാം നാം പരിഗണിക്കേണ്ടതുണ്ട്? മാതാപിതാക്കൾ എടുക്കേണ്ട മുൻകരുതലുകൾ എന്തെല്ലാമാണ്? മക്കൾക്ക് അവർ കൊടുക്കേണ്ട നിർദ്ദേശങ്ങൾ എന്തെല്ലാമാണ്? പ്രത്യേകമായി കർത്താവിന്റെ സഭയിലെ അംഗങ്ങളെ സംബന്ധിച്ച് അവർ ദൈവവചനപ്രകാരം കണക്കിലെടുക്കേണ്ടതാണ് നാം ഇവിടെ ചിന്തിക്കുന്നത്. അതായത് ആത്മിയ കാഴ്ചപ്പാട് വെച്ചുകൊണ്ടു വിലയിരുത്തേണ്ട കാര്യങ്ങൾ ശ്രദ്ധിക്കുക.

ഒരു പക്വതയുള്ള ക്രിസ്ത്യാനിയായാലും ക്രിസ്തീയ മാതാപിതാക്കളായാലും ഒരു തുണയെ ജീവിതത്തിലേക്ക് അന്വേഷിക്കുമ്പോൾ ആദ്യമായി, ഏറ്റവും മുഖ്യമായി കരുതേണ്ട കാര്യം ദൈവഭക്തിയുള്ള ഒരു ക്രിസ്ത്യാനിയെയാണോ പങ്കാളിയായി എടുക്കുന്നതു എന്നാണ്. ഞങ്ങളുടെ മക്കൾ കുട്ടികളായിരുന്നപ്പോൾ അവർക്കു ഭാവിയിൽ വിവാഹം കഴിക്കാൻ പറ്റുന്ന ആൺകുട്ടിയും പെൺകുട്ടിയും ക്രിസ്തീയ മാതാപിതാക്കളാൽ വളർത്തപ്പെടുന്നവരായി ഉണ്ടാകേണമേ എന്നായിരുന്നു ഞങ്ങളുടെ പ്രാർത്ഥന -അവർ അങ്ങനെ തന്നെ ആയിരിക്കണം എന്നും ദൈവത്തോട് അപേക്ഷിച്ചിരുന്നു. അനേക ക്രിസ്ത്യാനികൾ അങ്ങനെ തീരുമാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. കാരണം

ഇന്നത്തെ സമൂഹത്തിൽ പ്രത്യേകിച്ചു യുവദമ്പതികൾ നടന്നുകൊണ്ടിരിക്കുന്ന അഭിപ്രായ വ്യത്യാസങ്ങളും പൊരുത്തമില്ലായ്മയും പരിഹരിക്കാൻ മറ്റു മാർഗ്ഗമില്ല.

ചിലർ എന്തുകൊണ്ട് എന്നു ചോദിച്ചേക്കാം. മതമേതായാലെന്താ? സഭ ഏതായാലെന്താ? എന്നു ചോദിക്കുന്നവർ അവർ തിരഞ്ഞെടുക്കുന്ന പങ്കാളി ആരായാലെന്താ എന്നു ചോദിക്കുമോ? അവിടെ വരുമ്പോൾ അവർ വ്യത്യാസത്തെ എടുത്തു കാണിക്കുന്നു. തങ്ങളുടെ പങ്കാളികളെ തിരഞ്ഞെടുക്കുന്നതിനു മുൻപു പല ചോദ്യങ്ങളും അവരുടെ ഉള്ളിൽ കടന്നു വന്നേക്കാം എന്നാൽ തിരുവെഴുത്തിനും ദൈവത്തിനും പ്രഥമ പരിഗണന നല്കി തീരുമാനമെടുക്കുന്നവർ പരാജയപ്പെടുകയില്ല. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾ ദയവായി പരിഗണന കൊടുക്കുക. ഒരു പെൺകുട്ടി ഗൗരവമായി ഇക്കാര്യങ്ങൾ ശ്രദ്ധിക്കുക.

* ഈ പുരുഷൻ എന്റെ ഭവനത്തിന്റെ ആത്മിയ തലയായിരിക്കും. അയാൾ ശക്തനായ ഒരു ക്രിസ്ത്യാനി അല്ലെങ്കിൽ ഞാൻ ആജീവനാന്തം എങ്ങനെ വിശ്വസ്തയായ ഒരു ക്രിസ്ത്യാനിയായി ജീവിച്ച് നിത്യജീവൻ പ്രാപിക്കും? അദ്ദേഹത്തിനു എന്നെ ഈ കാര്യത്തിൽ സഹായിക്കാൻ പറ്റുമോ?

* ഞാൻ വിവാഹം കഴിക്കാൻ പോകുന്ന പുരുഷൻ ക്രിസ്ത്യാനിയല്ലെങ്കിൽ, അയാൾക്ക് എന്തെല്ലാം സ്വഭാവങ്ങളാണ് ഉള്ളത്? അയാൾ മദ്യപാനിയാണോ? കള്ളം പറയുകയും, ചതിക്കുകയും ചെയ്യുമോ? അധാർമ്മിക ജീവിതം നയിക്കുമോ? എന്നെയും മക്കളെയും ചീത്ത വിളിക്കുമോ? എന്റെ വീട്ടിൽ അയാൾ സമാധാനം വരുത്തുമോ? അല്ലെങ്കിൽ അയാൾ വഴക്കിടുമോ? എന്റെ ജീവിതത്തിന്റെ കേന്ദ്രബിന്ദു ദൈവം ആകയാൽ – ഒരു ക്രിസ്ത്യാനിയായി അയാൾ തന്റെ ജീവിതത്തിൽ ദൈവത്തിനു പ്രഥമസ്ഥാനം കൊടുക്കുമോ? ദൈവത്തിന് അയാളുടെ ഹൃദയത്തിൽ സ്ഥാനമില്ലെങ്കിൽ തെറ്റിദ്ധാരണയും മുറിപ്പെടുത്തലും ആയിരിക്കും ഫലം.

* ഒരു യുവാവ് യുവതിയെ പങ്കാളിയായി എടുക്കുന്നതിനു മുൻപ് ചിന്തിക്കേണ്ടത് ഈ സ്ത്രീ എന്റെ ഭാര്യയായി എന്റെ മക്കളുടെ അമ്മയായി തീരേണ്ടവളാണ്. അവൾ വീട്ടിൽ ഭർത്താവിനു കീഴ്പ്പെട്ട് കുട്ടികളെ ഭർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യാ

പദേശത്തിലും വളർത്തുമോ. അതോ അവൾ സ്വന്തം കാര്യം നോക്കിയിരിക്കുമോ? അവൾ ഒരു ക്രിസ്ത്യാനിയല്ലെങ്കിൽ അവൾ എങ്ങനെ കുട്ടികളെ ആത്മിയ പാതയിൽ വളർത്തും? ദൈവത്തെ ഭയന്ന് അവന്റെ കല്പനകൾ പ്രമാണിച്ച് അവനെ ആരാധിച്ച് പോകുന്ന വിശ്വസ്തയായ ഒരു സ്ത്രീ ആണെങ്കിൽ നിങ്ങൾക്കു ധൈര്യമായി മുൻപോട്ടു പോകാം.

* പുരുഷൻ തന്റെ ഭാര്യയെ സ്നേഹിക്കുന്നവനാകണം. ഭാര്യയാകാൻ പോകുന്ന അവൾ ക്രിസ്ത്യാനിയല്ലെങ്കിൽ, എനിക്ക് അവളെ നേടാൻ കഴിഞ്ഞില്ലെങ്കിൽ ജീവിതം ഇവിടെ വേദനാജനകമായിരിക്കും എന്നു മാത്രമല്ല വരുവാനിരിക്കുന്ന ജീവിതം ദൈവത്തോടു കൂടെ നയിക്കുവാനും സാദ്ധ്യമല്ല. നിത്യജീവൻ നഷ്ടപ്പെടുത്തുന്ന ഒരു ബന്ധത്തിനു മുതിരാതിരിക്കുക. വൈകാരിക ബന്ധം മാത്രമല്ല ജീവിതം.

* ഒരു സർവ്വേയുടെ ഫലം പറയുന്നത്, ക്രിസ്ത്യാനികൾ ക്രിസ്ത്യാനികളല്ലാത്തവരെ വിവാഹം കഴിക്കുന്നവരിൽ പത്തിൽ എട്ടും ക്രമേണ ദൈവത്തെയും സഭയേയും ഉപേക്ഷിക്കുന്നു. ഒരു വയൽ കടക്കുന്ന സമയം, അവിടെ മൈൻ കുഴിച്ചിട്ടിരിക്കുന്നു എന്നും അതു പൊട്ടി അപകടം ഉണ്ടാകുമെന്ന് അറിവു കിട്ടിയാൽ അതിൽ കൂടെ കടന്നു പോകാൻ ഞാൻ മടിക്കും. അതറിഞ്ഞു ഞാൻ ആ വയൽ മുറിച്ചു കടന്നാൽ മൈൻ പൊട്ടി കഷണങ്ങളായി നുറുങ്ങിപ്പോകും. അപ്പോൾ ബുദ്ധി അതൊഴിവാക്കുന്നതല്ലേ? എനിക്കറിയാവുന്ന ക്രിസ്തീയ സ്നേഹിതരിൽ പലരും ക്രിസ്ത്യാനികളാകാത്തവരെ വിവാഹം ചെയ്ത് നിരാശയിൽ, ദൈവത്തിൽ നിന്നകന്നു കഴിയുന്നവരുണ്ട്. ഞാൻ അത്തരം തെരഞ്ഞെടുപ്പു നടത്തുകയില്ല.

2 കൊരിന്ത്യർ 6:14– 17 വരെയുള്ള വേദഭാഗം മുന്നറിയിക്കുന്നതു: നിങ്ങൾ അവിശ്വാസികളോടു ഇണയില്ലാപ്പിണ കൂടരുത്; നീതിക്കും അധർമ്മത്തിനും തമ്മിൽ എന്തോരു ചേർച്ച? വെളിച്ചത്തിനു ഇരുളോടു എന്തൊരു കൂട്ടായ്മ? ക്രിസ്തുവിനും ബെലിയാലിന്നും തമ്മിൽ എന്തു പൊരുത്തം? അല്ല, വിശ്വാസിക്ക് അവിശ്വാസിയുമായി എന്തു ഓഹരി? ദൈവാലയത്തിനു വിഗ്രഹങ്ങൾക്ക് എന്തു യോജ്യത? നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലോ"

ദൈവം പറയുന്നു, "ഞാൻ അവരിൽ വസിക്കയും അവ

രുടെ ഇടയിൽ നടക്കയും ചെയ്യും; ഞാൻ അവർക്കു ദൈവവും അവർ എനിക്കു ജനവും ആകും. അതുകൊണ്ട് അവരുടെ നടുവിൽ നിന്നു പുറപ്പെട്ടു വേർപ്പെട്ടിരിപ്പിൻ എന്നു കർത്താവ് അരുളിച്ചെയ്യുന്നു; അശുദ്ധമായതു ഒന്നും തൊടരുത്; എന്നാൽ ഞാൻ നിങ്ങളെ കൈക്കൊണ്ട് നിങ്ങൾക്കു പിതാവും നിങ്ങൾ എനിക്കു പുത്രന്മാരും പുത്രിമാരും ആയിരിക്കും എന്നു സർവ്വശക്തനായ കർത്താവു അരുളിച്ചെയ്യുന്നു"

ദൈവിക ജ്ഞാനത്താൽ നമ്മുടെ സ്വർഗ്ഗീയ പിതാവ്, ഈ വാക്കുകൾ നമുക്ക് എഴുതി തന്നിരിക്കയാണ്. അതു നമ്മുടെ ജീവിതത്തിൽ ആയുഷ്ക്കാലം മുഴുവൻ ജീവിക്കേണ്ടതിനു പങ്കാളിയെ തിരഞ്ഞെടുക്കുമ്പോൾ നാം തെറ്റായ തീരുമാനം എടുക്കാതിരിക്കേണ്ടതിനാണ്. ക്രിസ്ത്യാനിയായിത്തീരാത്ത ഒരാളെ പങ്കാളിയായി തിരഞ്ഞെടുത്താൽ ശരിയായി പ്രാർത്ഥിക്കാൻ നിങ്ങൾക്കു കഴിയാതെ പോകും. അതു അപകടകരമാണ്. നിങ്ങളുടെ ഓരോ ദിവസത്തെയും ജീവിതത്തെ വിജയിപ്പിക്കുവാൻ ദൈവസഹായം ആവശ്യമാണ്. ഒരു ക്രിസ്ത്യാനി വേറൊരു ക്രിസ്ത്യാനിയെയാണ് വിവാഹം കഴിക്കുന്നതെങ്കിൽ അവർക്കു രണ്ടു പേർക്കും ക്രിസ്തുവിൽ ശക്തരായിത്തീരാനും വളരുവാനും കഴിയും. ദൈവം ഉദ്ദേശിക്കുന്ന രീതിയിൽ ജീവിതം നയിച്ച് സന്തോഷത്തിലും സമാധാനത്തിലും മക്കൾ ജനിച്ച് അവരുടെ ജീവിതം സ്വസ്ഥമായിത്തീരും. അതല്ലെങ്കിൽ തെറ്റായ തീരുമാനത്താൽ, തെറ്റായ പങ്കാളിയെ ചേർത്താൽ ആദ്യം പ്രാർത്ഥന മുടങ്ങും, പിന്നെ ആരാധന മുടങ്ങും, തുടർന്നു ദൈവത്തിൽ നിന്നകലും. അവസാനം ആത്മാവു നഷ്ടപ്പെടും. അവരുടെ മാത്രമല്ല, അവരുടെ പിൻതലമുറക്കാരെയും നാശത്തിലേക്കു, നിത്യനാശത്തിലേക്ക് അവരെ തള്ളി വിടുകയായിരിക്കും ചെയ്യുന്നത്. അതുകൊണ്ട് ദയവായി, ചിന്തിക്കുക, ശരിയായ തീരുമാനം എടുക്കുക. അങ്ങനെ നിത്യനാശം ഒഴിവാക്കുക.

✶

# ക്രൂശിലെ കള്ളൻ

## മാക് ലെയ്ട്ടൻ

ക്രൂശിലെ കള്ളനെ അറിയാത്തവർ ചുരുക്കമായിരിക്കും. മതപരമായ ലോകത്തിനു പരിചയമുള്ളവനായിരിക്കയാണ് ക്രൂശിലെ കള്ളൻ. അവൻ കള്ളനായതുകൊണ്ട് ക്രൂശിൽ കയറേണ്ടി വന്നു. യെഹൂദന്മാരുടെ ശിക്ഷാ സമ്പ്രദായത്തിൽ നിന്നും വ്യത്യസ്തമായി ക്രൂശിൽ തറെച്ചു കൊല്ലുവാൻ വിധിക്കപ്പെട്ടവനായിരുന്നു അവൻ. ഇതേ സമയത്തു ക്രൂശിക്കപ്പെട്ടവനാണ് യേശുവും. എന്നാൽ യേശുവിനെ സംബന്ധിച്ചു അവൻ പാപം ഒന്നും ചെയ്യാത്തവൻ ആയിരുന്നു.

"പുത്രനെങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായിത്തീർന്നു" (എബ്രായർ 5:8, 9).

യേശു ഈ ഭൂമിയിൽ ആയിരുന്നപ്പോൾ അവൻ പല രീതിയിൽ ആളുകളുടെ പാപങ്ങൾ മോചിച്ചു കൊടുത്തിട്ടുണ്ട്. അത് എല്ലാം അവൻ ദൈവപുത്രനാണെന്ന് തെളിയിക്കേണ്ടതിനായിരുന്നു. ആ സത്യം പക്ഷവാതം പിടിച്ചവരിൽ, സക്കായിയിൽ, അനുതപിച്ച സ്ത്രീയിൽ നമുക്കു കാണാൻ കഴിയും. അതുപോലെ വ്യഭിചാരകുറ്റത്തിൽ പിടിക്കപ്പെട്ട സ്ത്രീ, ധനവാനായിരുന്ന യവനക്കാരൻ എന്നിവരിലും ആ സത്യം തെളിയിക്കാൻ യേശു പ്രവർത്തിച്ചിട്ടുണ്ട്. അവന്റെ ഉപദേശവും ആളുകൾ അവനെ വിശ്വസിക്കേണ്ടതിനായിരുന്നു (മർക്കൊസ് 2:5-12; ലൂക്കൊസ് 19:9, 10; 7:48-50; യോഹന്നാൻ 8:3; ലൂക്കൊസ് 18:18-23). എന്നാൽ അവൻ ക്രൂശിൽ മരിച്ച ശേഷം പാപങ്ങളിൽ നിന്നു മനുഷ്യരെ മോചിപ്പിക്കുവാൻ സാർവ്വദേശീയമായ ഒരു നിയമം പുറപ്പെടുവിച്ചു (മത്തായി 28:18-20; പ്രവൃത്തി 2). അവൻ ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ പല രീതിയിൽ രക്ഷക്കുള്ള പൊതുവായ തത്വങ്ങൾ വിവരിച്ചു എങ്കിലും പ്രത്യേകമായ രക്ഷക്കുള്ള നിബന്ധനകൾ അവൻ രക്തം ചിന്തുന്നതു വരെ നല്കിയിരുന്നില്ല. അപ്പോൾ കർത്താവിന്റെ മരണത്തിനു മുമ്പുള്ള പാപമോചന ഉദാഹരണങ്ങൾ നമുക്കുള്ളതല്ല. ക്രൂശിലെ കള്ളന്റെ ഉദാഹരണവും അതിൽപ്പെടുന്നതാണ്. ആ അനുതപിച്ച കള്ളനോട് കർത്താവു പറഞ്ഞു, "ഇന്നു നീ എന്നോടു കൂടെ പറുദീസയിൽ ഇരിക്കും" എന്നാണ് (ലൂക്കൊസ് 23:42, 43).

## ക്രൂശിലുള്ള കള്ളൻ

നമ്മുടെ കാലയളവിൽ ഈ കള്ളനെ ആളുകൾ രക്ഷക്കുള്ള ഉദാഹരണമായി തെറ്റായി എടുത്തു കാണിക്കാറുണ്ട്. ആളുകൾ സ്നാനപ്പെടാതിരിക്കാൻ ഒഴികഴിവു കണ്ടെത്തുന്നവർ ധാരാളം ഉണ്ട്. അവർ ഈ കള്ളൻ സ്നാനപ്പെട്ടില്ലല്ലോ എന്നാണ് വാദിക്കുന്നത്. കള്ളൻ രക്ഷിക്കപ്പെട്ടു എന്ന കാര്യത്തിൽ സംശയമൊന്നും ഇല്ല. പക്ഷേ കള്ളൻ സ്നാനപ്പെട്ടിരുന്നില്ല എന്നു ആർക്കും പറയാൻ സാദ്ധ്യമല്ല. ബൈബിൾ പറയുന്നത് യെഹൂദ്യയിലുള്ളവർ എല്ലാവരും യോഹന്നാന്റെ സ്നാനം ഏറ്റു. യേശുവിന്റെ ശിക്ഷ്യന്മാർ യോഹന്നാനെക്കാൾ അധികം പേരെ സ്നാനപ്പെടുത്തിയിട്ടുമുണ്ട് അങ്ങനെ വരുമ്പോൾ അവൻ സ്നാനപ്പെട്ടില്ല എന്നു ആർക്കു പറയാൻ കഴിയും? (മത്തായി 3:5–6; യോഹന്നാൻ 4:1–2). ദൈവത്തിനറിയാം അവൻ സ്നാനമേറ്റോ ഇല്ലയോ എന്ന്. അതിലപ്പുറമായി ക്രൂശിലെ കള്ളന് യേശുവിനെക്കുറിച്ചു നല്ല അറിവുണ്ടായിരുന്നു എന്നു സ്പഷ്ടമാണ് "ആ മനുഷ്യൻ ഒരു തെറ്റും ചെയ്തിട്ടില്ല" എന്ന അറിവു അവനു എവിടെ നിന്നു കിട്ടി? "നീ രാജ്യത്വം പ്രാപിച്ചു വരുമ്പോൾ എന്നെയും കേൾക്കേണമേ? യേശു രാജ്യം സ്ഥാപിക്കുമെന്ന് അവനറിയാമായിരുന്നു. മരണശേഷവും അവന്റെ ജീവിതത്തെ രക്ഷിക്കുവാൻ യേശുവിനു കഴിയുമെന്ന വിശ്വാസം അവനുണ്ടായിരുന്നു. ഇതൊന്നും മനസിലാക്കാത്തവരാണ് സ്നാനം രക്ഷക്ക് ആവശ്യമാണെന്നു പറയുമ്പോൾ ഉടനെ ക്രൂശിലെ കള്ളൻ സ്നാനമേറ്റില്ലല്ലോ എന്നു പറയുന്നത്. ആ കള്ളൻ തെറ്റിപ്പോയ ഒരു ശിക്ഷ്യനായിരുന്നു എന്ന് സ്പഷ്ടം. അനുതാപത്തോടെ അവൻ യേശുവിനോട് അപേക്ഷിക്കയും ചെയ്യുന്നു.

## കള്ളൻ മരിച്ചപ്പോൾ

ക്രൂശിലെ കള്ളൻ മരിച്ച സമയം നോക്കിയാൽ അവന്റെ മാതൃക നമുക്കെടുക്കാവുന്നതല്ല എന്നു വ്യക്തമാകും. (1) അവൻ മരിച്ചതു യേശുക്രിസ്തുവിന്റെ ഭൂമിയിലെ വ്യക്തിപരമായ ശുശ്രൂഷാ സമയത്താണ്. അതു പരിമിതമായ ഒന്നായിരുന്നു. യിസ്രായേലിലെ കാണാതെ പോയ ആടുകളെ തിരയുക എന്നതായിരുന്നു അതായതു യെഹൂദന്മാരുടെ അടുക്കൽ എന്നർത്ഥം (മത്തായി 10:6; യോഹന്നാൻ 1:31). (2) പഴയ നിയമം പ്രാബല്യത്തിലിരിക്കുമ്പോഴാണ് ക്രൂശിലെ കള്ളൻ ജീവിച്ചതും മരിച്ചതും. പഴയ നിയമം യേശുവിന്റെ

മരണത്തോളം തുടർന്നു വന്നിരുന്നു (കൊലൊസ്യർ 2:14). ക്രിസ്തു നമ്മുടെ മഹാപുരോഹിതനായപ്പോൾ അവൻ ന്യായപ്രമാണം നിറ വേറ്റി (മത്തായി 5:17). ക്രിസ്തു പുതിയ നിയമം സ്ഥാപിക്കയും ചെയ്തു (എബ്രായർ 7:12). ദാവീദിന്റെ രക്തയാഗമോ, നോഹയുടെ പെട്ടക നിർമ്മാണമോ, അബ്രഹാമിന്റെ മകനെ യാഗം കഴിക്കലോ നമുക്കു മാതൃകയാക്കേണ്ടതില്ല. അതുപോലെ ക്രൂശിലെ കള്ളന്റെ മാതൃകയും നമുക്കുള്ളതല്ല. കാരണം അവൻ ജീവിച്ചതു വോറൊരു നിയമം പ്രാബല്യത്തിലിരുന്നപ്പോഴായിരുന്നു. നാം ഇന്നു വീണ്ടും പഴയ നിയമത്തിലേക്കു മടങ്ങിപ്പോയാൽ നാം ക്രിസ്തുവിൽ നിന്നു വേർപെട്ടു പോയി, മാത്രമല്ല ദൈവ കൃപയിൽ നിന്നും വീണു പോകും. കാരണം പഴയ നിയമത്തിൽ കൃപയില്ല. പുതിയ നിയമ ത്തിൽ കൃപയുണ്ട്.

ദൈവരാജ്യം- സഭ സ്ഥാപിക്കുന്നതിനു മുൻപായിരുന്നു കള്ളൻ മരിച്ചത്. സഭ ആരംഭിക്കുന്നതു പെന്തെക്കൊസ്തു നാളി ലാണ്. ക്രിസ്തു ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗാരോഹണം ചെയ്ത ശേഷമാണ് അതു സംഭവിക്കുന്നത്. അതിനു മുൻപു അവൻ സർവ്വ ജാതികൾക്കും സർവ്വ ലോകത്തിനുമായി ഏക നിയമം നല്കുകയു മുണ്ടായി (മത്തായി 28:18). സഭ ആരംഭിച്ച ശേഷം സകല ആത്മി കാനുഗ്രഹങ്ങളും സഭയിലാണുള്ളത്. ദൈവത്തിന്റെ ബഹുവിധ മായ ജ്ഞാനവും സഭയിലാണ് വെച്ചിരിക്കുന്നത്. ആ രാജ്യം എന്ന സഭയിൽ പ്രവേശിക്കാതെ അനുഗ്രഹങ്ങൾ ലഭിക്കുക സാധ്യമല്ല (എഫെസ്യർ 1:3; 5:26, 27): ക്രിസ്തു മരിക്കുന്നതിനു മുൻപു അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും പ്രസംഗിച്ചിരുന്നില്ല (ലൂക്കൊസ് 24:46, 47). ഇപ്പോൾ പൂർണ്ണമായ പാപമോചനവും കൃപയും സകല ആത്മികാനുഗ്രഹങ്ങളും ലഭ്യമായ പുതിയ നിയ മത്തെ വിട്ട് ആളുകൾ എന്തിനാണ് ക്രൂശിലെ കള്ളന്റെ പഴയ നിയമ മാതൃകയിലേക്കു പോകുന്നത്? തന്നെയുമല്ല ന്യായപ്രമാണത്തിൻ കീഴിൽ ആശ്രയിക്കുന്നവർ ശാപത്തിൻ കീഴിലാണ് എന്നു തിരുവെ ഴുത്തു പറയുന്നു (ഗലാത്യർ 3:10). (4) യേശു സർവ്വലോകത്തിനു മായി തികഞ്ഞ യാഗം അർപ്പിക്കുന്നതിനു മുൻപായിരുന്നു കള്ളന്റെ മരണം. യേശുവിന്റെ മരണം, അടക്കം, ഉയിർത്തെഴുന്നേല്പ് ആണ് സുവിശേഷം (1 കൊരിന്ത്യർ 15:1-3). അതുകൊണ്ട് കള്ളനു സുവി ശേഷം അറിഞ്ഞുകൂടായിരുന്നു. ഇന്നു മനുഷ്യരെ രക്ഷിപ്പാൻ സുവി ശേഷമാണുള്ളത്. അന്ന് അതുണ്ടായിരുന്നില്ല.

## പുതിയ ഉടമ്പടി

യേശു മരിച്ചതു പുതിയ നിയമം പ്രാബല്യത്തിൽ വരേണ്ട തിനായിരുന്നു. അവന്റെ രക്തത്താലാണ് പുതിയ നിയമത്തെ പ്രാബ ല്യത്തിൽ വരുത്തിയത്. ഒരു നിയമം പ്രാബല്യത്തിൽ വരുവാൻ നിയമ കർത്താവിന്റെ മരണം ആവശ്യമാണ്.

"നിയമം ഉള്ളേടത്തു നിയമ കർത്താവിന്റെ മരണം തെളി വാൻ ആവശ്യം. മരിച്ച ശേഷമല്ലോ നിയമം സ്ഥിരമാകുന്നത്; നിയമ കർത്താവിന്റെ ജീവകാലത്തോളം അതിന്നു ഉറപ്പില്ല" (എബ്രായർ 9:16, 17). ഉദാഹരണമായി ഒരാൾ പറയുന്നു, "എന്റെ അപ്പൂപ്പനും അദ്ദേഹത്തിനു മുൻപുള്ളവരും നികുതി കൊടുത്തിരുന്നില്ല. അതു കൊണ്ട് ഞാൻ നികുതി കൊടുക്കുകയില്ല എന്നു പറഞ്ഞാൽ ഗവൺമെന്റ് അതംഗീകരിക്കുമോ? നികുതി കൊടുക്കേണ്ട ഇപ്പോ ഴത്തെ നിയമം അയാൾ അനുസരിച്ചേ തീരു. മുൻപു നികുതിയി ല്ലാത്ത കാലത്തു ജീവിച്ചിരുന്നവർ നികുതി കൊടുത്തില്ല എന്ന കാര ണത്താൽ ഇന്നു അതിൽ നിന്നു ഒഴിവുള്ളവരാണ് എന്നു പറയു ന്നത് നിരർത്ഥകമാണ്. അതുപൊലെയാണ് ക്രൂശിലെ കള്ളന്റെ മാതൃക എടുത്തുകൊണ്ട് യേശുക്രിസ്തുവിന്റെ ഉപദേശത്തെ അനു സരിക്കാതിരിക്കുന്നവർ ചെയ്യുന്നത്. യേശുക്രിസ്തുവിന്റെ മരണ ശേഷം നിലവിൽ വന്ന നിയമം ആണ് ഇന്ന് എല്ലാവരും അനുസരി ക്കേണ്ടത്.

## ക്രിസ്തുവിന്റെ നിയമ നിബന്ധനകൾ

ക്രിസ്തുവിന്റെ നിയമത്തിൽ പാപം മോചിച്ചു കൊടുക്കുന്ന നിബന്ധനകൾ വ്യക്തമായി പറഞ്ഞിട്ടുണ്ട്. സുവിശേഷം അഥവാ ക്രിസ്തുവിന്റെ വചനം കേൾക്കണം (റോമർ 1:16). ക്രിസ്തുവിൽ വിശ്വസിക്കണം (യോഹന്നാൻ 8:28). പാപങ്ങളിൽ നിന്നു മാനസാ ന്തരപ്പെടണം (പ്രവൃത്തി 2:38). ക്രിസ്തു ദൈവപുത്രനാണെന്നു ഏറ്റു പറയണം (പ്രവൃത്തി 8:36-38). പാപമോചനത്തിനായി വെള്ള ത്തിൽ അടക്കമാകുന്ന സ്നാനവും ഏല്ക്കണം (പ്രവൃത്തികൾ 22:16; 1 പത്രൊസ് 3:21). പാപത്തിൽ അന്യാധീനപ്പെട്ട ഒരാൾ പാപക്ഷമാ പണത്തിനു അവസാനമായി ചെയ്യേണ്ട ഒന്നാണ് ക്രിസ്തുവിനോട് ചേരുവാനുള്ള സ്നാനം.

"അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റ വരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ

സ്നാനമേറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന് സ്നാനത്താൽ അവനോടു കൂടെ കുഴിച്ചിടപ്പെട്ടു. ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നേ" (റോമർ 6:3, 4). ക്രിസ്തുവിന്റെ നിയമത്തിൻ കീഴിലുള്ളവർ അവന്റെ നിബന്ധനകൾ അനുസരിക്കണം തന്നെ അനുസരിക്കുന്നവരുടെ നിത്യ രക്ഷയുടെ കാരണഭൂതനാണ് കർത്താവ്.

## എന്തിന് മറ്റു വഴി അന്വേഷിക്കണം?

ദൈവം മനുഷ്യർക്കു അനുസരിക്കുവാൻ തന്നിരിക്കുന്ന കല്പനകളെ ഒഴിവാക്കി മറ്റൊരു വഴി ആളുകൾ അന്വേഷിക്കുന്നത് എന്തിനാണ്? കള്ളനു മാനസാന്തരപ്പെടുവാനല്ലാതെ ആ സമയത്ത് പാപമോചനത്തിന് സ്നാനമേല്ക്കുവാൻ കഴിയുമായിരുന്നില്ല. മറ്റു പുതിയ നിയമകല്പനകളായ ബൈബിൾ വായന, ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലെ ആരാധന എന്നിവ ഒന്നും ക്രൂശിലെ കള്ളൻ ചെയ്തിരുന്നില്ല. അതുകൊണ്ട് നാം ചെയ്യരുതെന്നു പറയുന്നതു യുക്തിക്കു നിരക്കാത്തതാണ്. അതുപോലെ ക്രൂശിലെ കള്ളൻ കർത്തൃമേശയും ആചരിച്ചിരുന്നില്ല. ഒന്നു നമുക്കറിയാം, കർത്താവു പറഞ്ഞതെല്ലാം ക്രൂശിലെ കള്ളൻ ചെയ്തു! നമ്മെ സംബന്ധിച്ചു കർത്താവു പറഞ്ഞതെല്ലാം ചെയ്യുവാൻ നാം തയ്യാറാണോ? കർത്താവു കല്പിച്ചതാണ് പാപമോചനത്തിനു വേണ്ടിയുള്ള കല്പന. അതു അനുസരിക്കുവാൻ നിങ്ങൾക്കു മനസുണ്ടോ?

✶

## വ്യത്യാസം വരുത്തൽ

### ബൈറോൺ നിക്കോൾസ്

ക്രിസ്ത്യാനികൾ വ്യത്യാസം ഉള്ളവരാണ്. സഭയിലുള്ള നാം ദൈവത്തിനുള്ളവരാണ്. നമ്മെ കർത്താവു തന്റെ രക്തത്താൽ സമ്പാദിച്ചതാണ് (പ്രവൃത്തി 20:28). അതാണ് ഒരു വ്യത്യാസം. ആ ബന്ധം ദൈവത്തോട് ഇല്ലാത്ത ആളുകളിൽ നിന്നു നാം വ്യത്യസ്തരാണ്- നാം "അവന്നു പ്രത്യേകതയുള്ള ജനമാണ്, സ്വന്തജനമാണ്" (1 പത്രൊസ് 2:9). ലോകത്തിലുള്ള ആളുകളിൽ നിന്നും നാം

വ്യത്യാസമുള്ളവരായി കാണുവാൻ ദൈവവും അവന്റെ പുത്രനും ആഗ്രഹിക്കുന്നു. ഏതെല്ലാം നിലയിലാണ് നാം വ്യത്യാസമുള്ളവരായി തീരേണ്ടതു എന്നു പരിശോധിക്കണം.

ആ ഒരു അറിവു വന്നാലേ നമ്മുടെ ജീവിതത്തിൽ ആ മാറ്റം കാണുകയുള്ളു. പ്രാധാന്യമുള്ള ജീവിതശൈലി ക്രിസ്തു നമുക്കു കാണിച്ചു തന്നിട്ടുണ്ട്. നമ്മിൽ ദൈവം തന്നിട്ടുള്ള ഉത്തരവാദിത്വത്തിൽപെടുന്നതാണ് ഈ മാറ്റം. ചിന്താഗതിയിലാണ് ആദ്യം വ്യത്യാസം വരേണ്ടത്. ലോകപ്രകാരം മാറുന്ന ജീവിതരീതിയല്ല, ദൈവം ഉദ്ദേശിക്കുന്നത്. അതു തികച്ചും ആത്മികമാണ്. അപ്പോൾ നമ്മുടെ ആന്തരിക മനുഷ്യനാണ് മാറുന്നത്.

ജീവിക്കേണ്ട പ്രതലം തിരിച്ചറിയണം. നാം ആരാണ് എന്നറിഞ്ഞാലേ, എന്തു ചെയ്യുന്നു എന്ന് ബോധ്യപ്പെടുകയുള്ളു. ചുരുക്കിപ്പറഞ്ഞാൽ നാം സുബോധമുള്ളവരാകേണം. ദൈവം സ്നേഹമാണ്. സ്നേഹസ്വഭാവമാണ് നമ്മിൽ കാണേണ്ട വ്യത്യാസം. 1 യോഹന്നാൻ 4:8 പറയുന്നതു "ദൈവം സ്നേഹമാകുന്നു, മക്കൾ ആയതുകൊണ്ട് നാമും അവനെപ്പോലെ ആകണം."ദൈവം തന്റെ സ്നേഹം പ്രദർശിപ്പിക്കുകയുണ്ടായി. തന്റെ പുത്രനെ നമുക്കു വേണ്ടി നല്കിയ സ്നേഹത്തേക്കാൾ വലിയ സ്നേഹം മറ്റൊന്നില്ല.

ധാർമ്മികതയിൽ നമ്മുടെ വ്യത്യാസം പ്രകടമായിരിക്കണം. ക്രിസ്ത്യാനിയുടെ നിലവാരം ബൈബിൾ ആണ്. ദൈവം മനുഷ്യനുവേണ്ടി വെളിപ്പെടുത്തിയ സഹായിയാണ് തിരുവെഴുത്തുകൾ. ബൈബിളിലെ മാതൃക നാം പിൻപറ്റിയാൽ നമ്മുടെ ജീവിതത്തിൽ വളരെയധികം ഉയർച്ചയുണ്ടാകും. നാം ബൈബിൾ വായിച്ചാലും പഠിച്ചാലും പോരാ. അതു ജീവിതത്തിൽ അനുസരിക്കണം. വിട്ടുവീഴ്ച്ചയില്ലാതെ പുതിയനിയമം നാം ദൈനന്ദിന ജീവിതത്തിൽ പരിശീലിച്ചാൽ ഫലം ഏറ്റവും ഉയർന്നതായിരിക്കും. പിന്നെ അതു മറ്റുള്ളവർ അനുഭവിക്കേണ്ടതിന്നു അവരെ പഠിപ്പിക്കയും ചെയ്യണം. ക്രിസ്ത്യാനികളെ ദൈവം വിളിച്ചു വേർതിരിക്കുന്നത് അവരുടെ ജീവിതം വിശുദ്ധമായിരിക്കാനാണ്. വിശ്വാസിയും അവിശ്വാസിയും തമ്മിൽ ചേരുകയില്ല. വിശുദ്ധനും അശുദ്ധനും തമ്മിൽ വ്യത്യാസമുണ്ട്. നീതിക്കും അധർമ്മത്തിനും തമ്മിൽ എന്തു യോജിപ്പാണുള്ളത്. ക്രിസ്ത്യാനിയുടെ ലക്ഷ്യമല്ല, ക്രിസ്ത്യാനി അല്ലാത്തവരുടേത്. സഭ എന്നതു ദൈവത്തിന്റെ പ്രത്യേകജനമാണ്. നമ്മുടെ സത്യസന്ധതയും വിശ്വസ്തതയും മറ്റുള്ളവരുടേതിൽ നിന്നു വ്യത്യസ്തമാ

യിരിക്കണം. നമ്മുടെ പ്രവൃത്തികളും ഇടപാടുകളും ദൈവത്തിനു മഹത്വം കൊടുക്കുന്നതാകണം. മറ്റുള്ളവർക്കു ബോദ്ധ്യമെന്നു തോന്നുന്ന ജീവിത വിശുദ്ധി നാം പുറത്തുള്ളവർക്കു കാണിച്ചു കൊടുക്കണം.

ഇന്നു ലോകത്തിനു അത്യന്താപേക്ഷിതമായ സഹമനുഷ്യരോടുള്ള മനസലിവ് നാം കാണിച്ചു കൊടുക്കണം. ഇടയനില്ലാത്ത ആടുകളെപ്പോലെ ചിതറി കിടക്കുന്ന ആളുകൾക്ക് അനുകമ്പ ആവശ്യമാണ്. യേശു ഈ ഭൂമിയിലായിരുന്നപ്പോൾ അതു കാണിച്ചതാണ്. ശേഷിച്ച മനുഷ്യരോട് നാം മനസലിവു കാണിച്ചു അവരെ ദൈവത്തോട് അടുക്കുവാൻ നാം മാതൃക കാണിച്ചു കൊടുക്കണം. സ്നേഹമുള്ളവർക്കേ മനസ്സലിവു കാണിച്ചു കൊടുക്കാൻ കഴിയു. നിങ്ങളും ഞാനും യേശുക്രിസ്തുവിനെ അനുഗമിക്കുന്നവരാണ്. അവൻ നമ്മെ പഠിപ്പിച്ചതു നാം മറ്റുള്ളവരോടുള്ള ബന്ധത്തിൽ അനുവർത്തിക്കണം.

പിന്നെ നാം മറ്റൊരു കാര്യം ചെയ്യേണ്ടതു, ക്രിസ്തു ലോകത്തിന്റെ പ്രത്യാശയാണ്. പ്രാരംഭക്രിസ്ത്യാനികൾ അതു ലോകത്തിനു കാണിച്ചു കൊടുത്തു. പ്രത്യാശ എന്നാൽ കാണുന്നതല്ല, കാണാത്തതാണ്. ലോകത്തുള്ള ആളുകൾക്ക് പ്രത്യാശയില്ല. കാരണം അവർക്കു സത്യം അറിയുകയില്ല. ഈ ജീവിതത്തിൽ ഭൗതികമായവയിൽ ആശ വെച്ചുകൊണ്ടിരിക്കുന്നവർക്കു അതു നഷ്ടമാകുമ്പോൾ നിരാശയാണ് അനുഭവപ്പെടുന്നത്. എന്നാൽ ആത്മാവിന്റെ നഷ്ടം അവർക്കറിഞ്ഞു കൂടാ. നിത്യജീവന്റെ നഷ്ടം അവർക്ക് അജ്ഞാതമാണ്. അവർക്ക് ഈ ലോകജീവിതത്തിനപ്പുറമായി മറ്റൊരു കാഴ്ച്ചപ്പാടില്ല. അവരിൽ നിന്നു നാം വ്യത്യസ്തരാകണം (1 കൊരിന്ത്യർ 15:19). നമ്മുടെ ഈ ഭൗതിക ശരീരത്തിനു പകരം നശിക്കാത്ത ശരീരം ദൈവം നമുക്കു തരും. വരുവാനുള്ള ലോകത്തിലാണെന്നു മാത്രം. ക്രിസ്തുവിൽ വിശ്വസിച്ച് അവന്റെ ഉപദേശം ഹൃദയപൂർവ്വം അനുസരിച്ചാൽ പ്രത്യാശയും സിദ്ധതയും ഉറപ്പാണ്. ഭാവിയിൽ നമുക്കു തരാമെന്നു പറഞ്ഞ വാഗ്ദാനങ്ങളിൽ നാം ഉറച്ചു വിശ്വസിക്കണം. ദൈവം വിശ്വസ്തനാണ്. അവസാനത്തോളം നാം വിശ്വസ്തതയിൽ ജീവിച്ചാൽ മാത്രമേ അവസാനം അവന്റെ വരവിൽ നമുക്കു കാത്തിരിപ്പിന്റെ അനുഗ്രഹം അനുഭവിക്കാൻ കഴിയു.

പൂർണ്ണബോധ്യവും നിശ്ചയവുമുള്ള ക്രിസ്ത്യാനികളിലേ ആ

വിശ്വാസം ഉണ്ടാകുകയുള്ളൂ. വിശ്വാസത്തിനനുസരിച്ച ജീവിതത്തി വ്യത്യാസം വരുത്തുവാൻ കഴിയൂ. അതിനു വേണ്ടതു നല്ലൊരു മനസു ഉറച്ച നിലപാടും ആണ്. വിവേകത്തോടെ ബൈബിൾ പഠിക്കുന്നവർക്ക ദൈവത്തിന്റെ ഉദ്ദേശം വ്യക്തമാകും. അവർ ദൈവേഷ്ടം മനസില ക്കും. പഠിക്കുന്ന പാഠങ്ങൾ നാം ജീവിതത്തിൽ പകർത്തണം. നിർദേ ങ്ങൾ, കല്പനകൾ, ഉപദേശങ്ങൾ, ഉദാഹരണങ്ങൾ, ഉപമകൾ എല്ലാ നമ്മുടെ പ്രയോജനത്തിനായിട്ടാണ് നല്കിയിരിക്കുന്നത്.

ഒരു വ്യക്തി എന്ന നിലയ്ക്ക് വ്യത്യാസം ലോകത്തിൽ മാത്രമ സഭയിലും കാണിക്കാൻ പറ്റും. എന്റെ സഹോദരനെയും സഹോദ യെയും ആത്മീയ ജീവിതം വിശ്വസ്തതയോടെ ആയിരിക്കണമെന്ന് അവ പ്രബോധിപ്പിക്കുവാനുള്ള ഉത്തരവാദിത്വം എനിക്കുണ്ട്. ക്രിസ്തുവി വേണ്ടിയുള്ള എന്റെ എരിവ് മറ്റു സഹോദരങ്ങൾ കാണണം. എ വാക്കുകൾ, എന്റെ സ്വഭാവം,എന്റെ പെരുമാറ്റം എന്നിവയൊക്കെ മ സഹോദരങ്ങൾക്കു ആത്മിക വർദ്ധന വരുത്തണം. ബലഹീന സഹോ രങ്ങളെ ഞാൻ ബലപ്പെടുത്തണം. എനിക്കു കർത്താവിനോടുള്ള സമർ ണവും പ്രതിജ്ഞാബദ്ധമായ കടമയും ഞാൻ നിർവ്വഹിക്കണം. എ മറ്റുള്ളവർ നോക്കുന്നുണ്ട് എന്നു ഞാൻ അറിയണം. അവർ എന്നി നിന്നു ചിലതു പ്രതീക്ഷിക്കുന്നുണ്ട്. ആ പ്രതീക്ഷ ഞാൻ അസ്ഥാനത്ത ക്കരുത്. ഊർജ്ജസ്വലമായ എന്റെ ക്രിസ്തീയ പ്രവർത്തനം മറ്റുള്ളവർക്ക പാഠമായിത്തീരണം.

✶

## ഹൃദയവും ആത്മാവും ക്രിസ്ത്യാനിത്വത്തിൽ

ഡേവിഡ്. W.C

ക്രിസ്ത്യാനികൾക്കുള്ള കരുതൽ, സുവിശേഷം അറിയിക്കു താണല്ലോ. കാരണം ആത്മാക്കളെക്കുറിച്ചുള്ള എരിവാണ്. ഊഹിക്കാ എളുപ്പമാണ്. വിവേചിക്കാൻ പ്രയാസവുമാണ്. തെറ്റിൽ നിന്നു ശരി വേർതിരിച്ചെടുക്കുന്നതാണ് വിവേചനം. നന്മയും തിന്മയും ലോകത്തി ഇടകലർന്നു കിടക്കുകയാണ്. ആളുകൾ അതുകൊണ്ട് കലക്കത്തില ണ്. അതുകൊണ്ട് സമൂഹത്തിൽ ധാർമ്മിക അടിത്തറക്കു വിള്ളലേറ്റി ക്കയാണ്. ശരിയായി കാര്യങ്ങൾ മനസിലാക്കാതെ ഒഴുക്കിനനുസരി ആളുകൾ നീങ്ങുകയാണ്. ഇങ്ങനെയുള്ള സാഹചര്യത്തിൽ ക്രിസ്ത

നിത്വത്തിനു വളരെയധികം കാര്യങ്ങൾ ചെയ്യുവാനുണ്ട്. വ്യക്തിക ളായ ക്രിസ്ത്യാനികൾ അവരുടെ ഹൃദയങ്ങളെയും ആത്മാക്ക ളെയും എങ്ങനെ വിടുന്നു എന്നു ചിന്തിക്കണം.

താഴെ പറയുന്ന രണ്ടു ചോദ്യങ്ങൾ ക്രിസ്ത്യാനിത്വത്തിന്റെ കേന്ദ്രസത്യത്തെ വെളിപ്പെടുത്തും. (1) എന്താണ് ക്രിസ്ത്യാനിത്വ ത്തിലെ കേന്ദ്രസത്യം? (2) എന്താണ് ക്രിസ്ത്യാനിത്വത്തിന്റെ അടി സ്ഥാനം? ഉത്തരങ്ങൾ ശ്രദ്ധിക്കുക. ക്രിസ്ത്യാനിത്വത്തിന്റെ കേന്ദ്ര സത്യം മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേറ്റ യേശു കർത്താവും ക്രിസ്തുവുമായിത്തീർന്നു (പ്രവൃത്തി 2:36). ക്രിസ്ത്യാനിത്വത്തിന്റെ അടിസ്ഥാനം കർത്താവായ യേശുക്രിസ്തു തന്നെ (1 കൊരിന്ത്യർ 3:11). ക്രിസ്ത്യാനിത്വത്തിന്റെ ഈ സത്യത്തെ വെല്ലുവാൻ മറ്റൊന്നി ല്ല. അതുകൊണ്ട് ക്രിസ്ത്യാനിത്വത്തിനു പകരം മറ്റൊന്നില്ല. കാരണം ക്രിസ്തുവിനു പകരം മറ്റൊരാളില്ല. ഈ ഒരിക്കലും മാറ്റമില്ലാത്ത സത്യമാണ് ക്രിസ്ത്യാനിത്വത്തെ മഹത്വകരമാക്കുന്നത്.

ഊഹാപോഹങ്ങൾ പലരെയും അപകടത്തിൽ ചാടിക്കും. അല്പജ്ഞാനം അപകടത്തിൽ ചാടിക്കും. ദൈവിക സന്ദേശത്തിന്റെ ഉദ്ദേശവും അർത്ഥവും നാം മനസ്സിലാക്കി വേണം സ്വീകരിക്കുവാനും പഠിപ്പിക്കുവാനും. നാം സ്വീകരിക്കേണ്ടതിനു മതിയായ ഉപദേശം കർത്താവു വെളിപ്പെടുത്തുകയും ദൈവശ്വാസിയ എഴുത്തുകാർ അതു എഴുതുകയും ചെയ്തിട്ടുണ്ട്. സത്യത്തിന്റെ പരിജ്ഞാനം ആണ് പുതിയനിയമം. ക്രിസ്ത്യാനികളായവർ സത്യത്തിൽ വേരൂന്നി വളരണം. എങ്കിലേ മറ്റുള്ളവരെ ക്രിസ്തുവിലേക്കു ആദായപ്പെടു ത്താൻ കഴിയു. നാം മറ്റുള്ളവരെ നേടുന്നതിൽ പരാജയപ്പെടുന്ന തിന്റെ ഒരു കാരണം പരിജ്ഞാനക്കുറവാണ്. (1) ആളുകൾ തങ്ങ ളുടെ സമയവും ഊർജ്ജവും എല്ലാം മതപരമായ ഒരു വ്യവസ്ഥയി ലേക്കു ആളുകളെ മാറ്റുവാനാണ് ശ്രമിക്കുന്നത്. അല്ലാതെ ക്രിസ്തു വിലേക്ക് പരിവർത്തനം ചെയ്യിക്കുകയല്ല. (2) അവർ പരിവർത്തനം ചെയ്യാത്തവരെ സഭയുടെ ചട്ടങ്ങൾ പഠിപ്പിക്കും. അല്ലാതെ ക്രിസ്ത്യാ നിത്വത്തിന്റെ ഉള്ളടക്കം പഠിപ്പിക്കുകയില്ല. (3) ആളുകൾ പരി വർത്തനം ചെയ്യാത്തവരെ മതം മാറണമെന്ന് പറയും പക്ഷേ യേശു വിനെക്കുറിച്ചു പഠിപ്പിക്കയില്ല.

ക്രിസ്ത്യാനിത്വം ഏക വ്യക്തിയിൽ ആശ്രയിച്ചാണിരിക്കു ന്നത്. അവൻ വെറും ഒരു മനുഷ്യനായിരുന്നില്ല. മനുഷ്യനായി ജനിക്കുന്നതിന് മുൻപ് അവൻ പൂർണ്ണദൈവവുമായിരുന്നു. പിതാ

വിനോടു അവൻ സമനായിരുന്നു (യോഹന്നാൻ 1:1-4). അവൻ മനുഷ്യനായി ഭൂമിയിൽ വന്നു ജീവിച്ചു. വിശന്നു, ദാഹിച്ചു, കഷ്ടം അനുഭവിച്ചു. എല്ലാ നിലയിലും നമ്മെപ്പോലെ പരീക്ഷിക്കപ്പെട്ടു. എങ്കിലും അവൻ പാപം ഒന്നും ചെയ്തില്ല (എബ്രായർ 4:14-16). സാത്താനു അവനെ എന്തെല്ലാം ദോഷത്തിനു ജയിക്കാമോ അതെല്ലാം അവൻ സഹിച്ചു. അവനെ അടിച്ചു, അപമാനിച്ചു, അവസാനം ക്രൂശിൽ തറെപ്പിച്ചു കൊന്നു. അവൻ അതെല്ലാം സഹിച്ചു. അവൻ തന്നെത്താൻ താഴ്ത്തി ക്രൂശിലെ മരണത്തിന് തന്നെ ഏല്പിച്ചു കൊടുത്തു. നിഷ്ക്കളങ്കമായ ക്രിസ്തുവിന്റെ രക്തത്താൽ ദൈവത്തിന്റെ കൃപാ വാതിൽ തുറക്കപ്പെട്ടു. യേശുവിന്റെ മരണത്താൽ അവൻ പാപത്തെയും മരണത്തെയും കീഴ്പ്പെടുത്തി. അവന്റെ ഉയിർത്തെഴുന്നേല്പിനാൽ നിത്യജീവൻ ഉറപ്പാക്കി. ക്രിസ്തുവിലാകുവാനുള്ള ദൈവനിബന്ധന അനുസരിക്കുന്നവരെ അവൻ നീതീകരിച്ചു വിശുദ്ധീകരിച്ചു ദൈവശക്തിയാൽ ഉയിർത്തെഴുന്നേല്പിക്കും.

യേശു മാംസ രക്തത്തോടു കൂടിയാണ് ഭൗതികമായി ജീവിക്കയും മരിക്കയും ചെയ്തതു- അതു നമ്മെപ്പോലെ തന്നെ - അങ്ങനെ അവന്റെ മരണത്താൽ സാത്താന്റെ ശക്തിയും പാപത്തിന്റെ അടിമത്വവും നീക്കിക്കളഞ്ഞു (എബ്രായർ 2:14-18). നമ്മെപ്പോലെ ജീവിച്ച് നമ്മുടെ ബലഹീനതകളെ മനസിലാക്കിയതുകൊണ്ട് അവന്നു നമ്മുടെ മഹാപുരോഹിതൻ ആകുവാൻ കഴിഞ്ഞു. സ്വർഗ്ഗത്തിൽ പിതാവിന്റെ വലത്തുഭാഗത്തിരുന്ന് നമ്മുടെ ഹൃദയങ്ങളെ വാഴുവാനാണ് കർത്താവ് ആഗ്രഹിക്കുന്നത്. ആത്മാവിനെ രക്ഷിക്കുവാൻ കർത്താവു തന്റെ നിബന്ധനകൾ ഹൃദയപൂർവ്വം അനുസരിപ്പാനായി നല്കിയിരിക്കുന്നു (റോമർ 6:17, 18). ഹൃദയത്തെ വിശുദ്ധീകരിച്ചാലേ ദൈവത്തിനു നമ്മുടെ ഉള്ളിൽ വസിക്കാൻ പറ്റു. നാം ജഡത്തിൽ ആണ് വസിക്കുന്നത്. ജഡം നമ്മെ പാപത്തിലേക്കു വലിച്ചിഴക്കുന്നു. അങ്ങനെ നാം മരണത്തിനിരയാകുന്നു. കർത്താവു മരണത്തെ നീക്കി നമുക്കു ജീവൻ തരുവാൻ ആഗ്രഹിക്കുന്നു.

നമ്മളാണ് ഹൃദയത്തെ ദൈവത്തിനു വിട്ടു കൊടുക്കേണ്ടത്. വിട്ടുകൊടുത്താൽ അവൻ നമ്മുടെ ഹൃദയത്തിൽ വാഴും. നമ്മുടെ ആത്മാവിന്റെ രക്ഷക്കും തീരുമാനം എടുക്കേണ്ടതു നാം തന്നെയാണ്. ദൈവം തന്റെ പദ്ധതി പൂർത്തിയാക്കി. ഇനി നമ്മുടെ പ്രതികരണമാണ് ദൈവം പ്രതീക്ഷിക്കുന്നത്.

✶

## പുകവലി നിർത്തിയാൽ അഞ്ചു ലക്ഷം

പുകവലി നിർത്തുന്നവരിലെ ഭാഗ്യവാന് അഞ്ചു ലക്ഷം രൂപ സമ്മാനം നൽകാൻ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ ആന്റി ടുബാക്കോ മൂവ്മെന്റ് തീരുമാനിച്ചു. മേയ് ഒന്നു മുതൽ 31 വരെയുള്ള ദിവസങ്ങളിൽ പുകവലി നിർത്തുന്ന വരിൽ നിന്നു നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന ആൾക്കാണ് സമ്മാനം ലഭിക്കുക. ഫിൻലൻഡിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഹെൽത്ത് കമ്പനിയുമായി സഹകരിച്ചു നടത്തുന്ന പദ്ധതിയിൽ പങ്കെടുക്കാൻ മേയ് ഒന്നിനു മുൻപ് രജിസ്റ്റർ ചെയ്യണം. വിവരങ്ങൾക്ക് ഫോൺ: 0484-2801234. (എക്സ്റ്റെൻഷൻ: 8367, 1153).

✶

## പനി: നഗരസഭയ്ക്കു വീഴ്ചയെന്ന് സി.പി.ഐ.

നഗരത്തിൽ പടരുന്ന വൈറൽപനി നിയന്ത്രിക്കാൻ നഗരസഭയുടെ കീഴിലുള്ള ആരോഗ്യ കേന്ദ്രങ്ങളിലും അംഗൻവാടികളിലും സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തി അടിയന്തിരമായി നഗരസഭ മെഡിക്കൽ ക്യാംപുകൾ സംഘടിപ്പിക്കും.

## ബസ് കയറ്റിക്കൊന്ന സംഭവം: ഡ്രൈവർ അറസ്റ്റിൽ

കെ.എസ്.ആർ.ടി.സി. ബസ് പിന്നിലേക്കെടുത്ത് വികലാംഗയായ ജീവനക്കാരിയെ കൊന്ന കേസിൽ ഡ്രൈവർ അറസ്റ്റിൽ. പേരൂർക്കട ഡിപ്പോയിലെ ഡ്രൈവർ മുക്കോല പുല്ലിപ്ര സൗമ്യ ഭവനിൽ എസ്. ബാലചന്ദ്രൻ (45) ആണ് അറസ്റ്റിലായത്. മുക്കോല

കല്ലയം മീനങ്ങാണി വിള വീട്ടിൽ രവിയുടെ ഭാര്യ സുധർമ (തങ്ക ച്ചി-43)യാണ് കൊല്ലപ്പെട്ടത്.

ചൊവ്വാഴ്ച ഉച്ചയ്ക്ക് 1.50 ന് മുക്കോല ചീനിവിള ജംക്ഷ നിലെ സ്റ്റോപ്പിൽ ഇറങ്ങിയ സുധർമ ബസിന്റെ പിന്നിലൂടെ റോഡ് മുറിച്ചു കടക്കുമ്പോൾ നാല്പതു മീറ്ററോളം പിന്നിലേക്ക് ബസ് എടു ത്താണ് ഇടിച്ചുവീഴ്ത്തിയത്. പിന്നിലേയും മുന്നിലേയും വീലുകൾ ശരീരത്തിലൂടെ കയറിയിറങ്ങി.

★

## സമ്പൂർണ്ണ യാചക നിരോധനം മരീചിക; പരാതി ലഭിച്ചാൽ നാടുകടത്തും

മാസങ്ങൾക്കു മുൻപ് പേട്ട പൊലീസ് സ്റ്റേഷനിൽ ഒരു ഫോൺ കോൾ വന്നു. ഭിക്ഷാടന സംഘത്തെക്കുറിച്ചായിരുന്നു പരാതി.

പൊലീസ് സ്റ്റേഷൻ അതിർത്തിയിലെ റസിഡന്റ്സ് അസോ സിയേഷൻ വളപ്പിൽ ഭിക്ഷാടന സംഘം ക്യാംമ്പടിച്ചിരിക്കുന്നു. രാത്രിയിൽ ബഹളം. പകൽസമയം നിർബന്ധിത 'ഭിക്ഷാപ്പിരിവ്'.

★

## പേവിഷം: മരുന്ന് കിട്ടാനില്ല, രോഗികൾ വലയുന്നു

ജില്ലയിൽ ഗവ. ആശുപത്രികളിൽ പേവിഷബാധയ്ക്കെതി രെയുള്ള മരുന്നു കിട്ടാതായതോടെ രോഗികൾ ബുദ്ധിമുട്ടുന്നു. നിശ്ചി തസമയപരിധിക്കുള്ളിൽ കുത്തിവയ്പ് നടത്തേണ്ട ഈ മരുന്നിന്റെ ദൗർലഭ്യം ചികിത്സയിലുള്ള രോഗികളെയാണ് ഏറെ വലച്ചത്. വില കൂടിയ ഈ മരുന്ന് പുറത്തുനിന്ന് വാങ്ങാൻ സർക്കാർ ആശുപത്രി യിൽ ചികിത്സ തേടിയ നിർധന രോഗികൾക്കു കഴിയുന്നുമില്ല. ഇതോടെ ചികിത്സ പാതിവഴിയിൽ നിർത്തിവയ്ക്കേണ്ടിവരുന്നു. ചികിത്സ ഇടയ്ക്ക് നിർത്തുന്നത് ഗുരുതര ആരോഗ്യപ്രശ്നത്തിനു കാരണമായേക്കുമെന്നും വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു.

★

## കൃഷിനാശം സംഭവിച്ചവർക്ക് സഹായമെത്തിക്കണം

പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കാറ്റിലും മഴയിലും കൃഷി നശിച്ചവർക്ക് അടിയന്തിര ധനസഹായം ലഭ്യമാക്കണമെന്ന് കർഷകസമിതി ആവശ്യപ്പെട്ടു.

റബർ, വാഴ, കുരുമുളക്, അടയ്ക്ക, നാളികേര കൃഷിക്കാണ് കൂടുതൽ നാശം സംഭവിച്ചതെന്ന് കർഷകർ പറയുന്നു. ബാങ്ക് വായ്പ യെടുത്തും, കൈവായ്പ് വാങ്ങിയുമാണ് ഭൂരിപക്ഷം കർഷകരും കൃഷിയിറക്കിയത്. കഴിഞ്ഞ തിങ്കൾ, ചൊവ്വ ദിവസങ്ങളിലെ വേനൽമ ഴയിലും, കാറ്റിലുമാണ് ലക്ഷക്കണക്കിന് രൂപയുടെ കൃഷിനാശം സംഭ വിച്ചത്.

*

## പനി പടരുന്നു: ചികിത്സയ്ക്ക് കാട്ടാന തടസം

ആദിവാസി ഊരുകളിൽ വൈറൽ പനി പടരുന്നു. കഴിഞ്ഞ ഒരാഴ്ചക്കിടെ അഞ്ഞൂറോളം ആദിവാസികളാണ് പനി ബാധിച്ച് പരു ത്തിപ്പള്ളി സർക്കാർ ആശുപത്രിയിൽ ചികിത്സ തേടിയെത്തിയത്.

കുറ്റിച്ചൽ പഞ്ചായത്തിലെ മലവിള, വാലിപ്പാറ, മാങ്കോട്, മുള മൂട്, പൊടിയം, ചോനാംപാറ, കമലകം, കുന്നത്തേരി തുടങ്ങി 27 സെറ്റിൽമെന്റുകളിലും പനി ബാധിച്ച് നിരവധി പേർ ചികിത്സയിലാ യത്. കാട്ടാനശല്യം രൂക്ഷമായതിനെ തുടർന്ന് പനി ബാധിച്ച പലർക്കും ചികിത്സതേടി പോകാനും കഴിയുന്നില്ല.

*

## ഇല്ല, ആഴങ്ങൾ ആ കുരുന്നിനെ തിരികെ തന്നില്ല

രാത്രി മുഴുവൻ നീണ്ട പരിശ്രമത്തിനും പ്രാർത്ഥനകൾക്കും പ്രഫുലിനെ തിരികെ തരാനായില്ല. ഇന്നലെ പുലർച്ചെ 3.10 ന് കുഴൽക്കിണറിൽനിന്ന് മുകളിലേക്കെടുത്തപ്പോൾ ആ കുരുന്നുശരീ രത്തിലെ പ്രാണനെ ആഴങ്ങൾ കവർന്നിരുന്നു.

പോസ്റ്റ്മോർട്ടത്തിനുശേഷം വിലാപയാത്രയായി പ്രഫുലിന്റെ മൃതദേഹം വീട്ടിലെത്തിക്കുമ്പോൾ അമ്മ വിനോദിനിയും വല്യമ്മ കനകയും അലമുറയിട്ടു കരഞ്ഞു. പിന്നെ അത് ഗ്രാമത്തിന്റെയാകെ തേങ്ങലായി. തങ്ങളോടൊപ്പം കളിക്കാനിറങ്ങിയ സഹോദരന്റെ ജീവനില്ലാത്ത ദേഹത്തിനരികിൽ നിന്ന് വാവിട്ട് കരഞ്ഞ രാഹുലും വിശാഖും കണ്ടുനിന്നവരുടെ മനസിലെ നൊമ്പരമായി.

*

## അധ്യാപകർക്കായി ദുരന്ത നിവാരണ ശിൽപശാല

മഹാത്മാഗാന്ധി സർവകലാശാല 'സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസ്' ഹൈസ്കൂൾ- പ്ലസ്ടു അധ്യാപകർക്കായി ഡിസാസ്റ്റർ മാനേജ്മെന്റ് വിഷയത്തിൽ ത്രിദിന അധ്യാപക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. എം.ജി. യൂണിവേഴ്സിറ്റി, പരിസ്ഥിതി ശാസ്ത്രവകുപ്പിന്റെ മേൽനോട്ടത്തിൽ ഇടുക്കി ജില്ലയിലെ നെടുങ്കണ്ടത്ത് ആരംഭിച്ച 'ഹൈറേഞ്ച് പരിസ്ഥിതി പഠന കേന്ദ്ര' ത്തിൽ നടത്തുന്ന കോഴ്സ് മേയ് 23ന് ആരംഭിക്കും.

*

## കുവൈത്തിൽ അധ്യാപകരുടെ എണ്ണം കൂട്ടണമെന്ന് യു.എൻ.റിപ്പോർട്ട്

പ്രാഥമിക തലത്തിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർഥികളുടെ തോതനുസരിച്ച് കുവൈത്തിൽ അധ്യാപകരുടെ എണ്ണം വർധിപ്പിക്കണമെന്ന് ഐക്യരാഷ്ട്ര സംഘടനയുടെ പഠന റിപ്പോർട്ട്. പ്രൈമറി തലത്തിൽ നിലവിൽ 12,000 അധ്യാപകരാണുള്ളത്. 2015 ആകുമ്പോഴേക്കും അത് 17, 0000 ആയി ഉയർത്തണം.

*

## HEAR THE VOICE OF TRUTH ON RADIO

# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M. Speaker: P.K. Varghese, **Church of christ** Thmpuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M. Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S Tvm on 23/24 may**

**Price of single copy: Rs.4/-**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/06-08

Licensed to post without prepayment No. Tech/62-2 TV(N) 40/2006

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378